No. M. 16 497

ആത്മപോഷിണി

പുസ്തകം ൭. | ൧൦൯൧ മേടം | ലക്കം ൧.

...ANAVILASAM READING ROOM...

സിസ്റ്റർ നിവേദിത.

(ഒരു അഭിനന്ദനം)

ഇന്ത്യയെ ഹൃദയപൂർവ്വം സ്നേഹിച്ച, ഇന്ത്യയുടെ ഉദ്ധാരണത്തിന്നായി ജീവിതത്തെ അർപ്പിച്ച പാശ്ചാത്യമഹതികളിൽ വെച്ച് അഗ്രഗണ്യ സിസ്റ്റർ നിവേദിതയാണെന്നു പറയുന്നതിൽ അബദ്ധമുണ്ടെന്നു തോന്നുന്നില്ല. അവർ ജീവിതത്തിന്റെ മുഖ്യഭാഗം മുഴുവനും ഇന്ത്യയുടെ സേവക്കായി അർപ്പിച്ചു. അതുകൊണ്ടായിരുന്നു ഇന്ത്യയിലേക്കു വന്നതിന്റെ ശേഷം ജന്മനാമധേയമായ മിസ്സ് മാർഗ്രട്ട് നോബെൽ എന്നു പേർ മാററി "നിവേദിതാ" എന്ന ഹിന്തുനാമധേയം സ്വീകരിച്ചതു്. ഹാ! അവർക്ക് ഇന്ത്യയോടുള്ള പ്രണയം എത്ര ഗാഢമായിരുന്നു! "ഇന്ത്യ" എന്ന പദം ഉപയോഗിക്കേണ്ടുന്ന സന്ദർഭങ്ങളിൽ, അവർ "മാതൃഭൂമി" എന്നുമാത്രമെ പറഞ്ഞിരുന്നുള്ളു. ഇന്ത്യയോടുള്ള പ്രണയാധിക്യത്താൽ 31-ാം വയസ്സിൽ നിവേദിതാ സ്വരാജ്യമായ അയർലണ്ടിനേയും, മാതാവിനെയും സന്ധുബന്ധുക്കളെയും മററും ഉപേക്ഷിച്ചു, തന്റെ ഗുരുവരനും, വേദാന്തവനകേസരിയും, വിശ്വവിശ്രുതനും ആയ ശ്രീവിവേകാനന്ദസ്വാമികളുടെ കൂടെ ഇന്ത്യയിൽ വന്നു ഹിന്തുസമ്പ്രദായത്തിൽ ഒരു സന്യാസിനീജീവിതത്തെ നയിച്ചു ഇന്ത്യയുടെ ഉദ്ധാരണത്തിന്നായി അനന്യസാധാരണമായ ആത്മവിശ്വാസത്തോടും ധൈര്യത്തോടും സ്ഥൈര്യത്തോടും കഴിയുന്നത്ര പരിശ്രമിച്ചു; പ്രവൃത്തിയുടെ കാഠിന്യത്താൽ ൧൮ കൊല്ലംകൊണ്ടു ദേഹനാശം സംഭവിച്ചു.

സിസ്റ്റർ നിവേദിതാ രാമകൃഷ്ണ-വിവേകാനന്ദമിഷ്യനിലെ ഒരു പ്രധാന അംഗമായിരുന്നു. അവരുടെ അപ്രാപ്തകാലമായ നിര്യാണം [illegible] ആ മിഷ്യന്നു പ്രത്യേകിച്ചും ഇന്ത്യക്കു പൊതുവിലും നേരിട്ടിട്ടുള്ള നഷ്ടം തീർത്താൽ തീരാത്തതാണ്. ഇന്ത്യൻജീവിതസമ്പ്രദായത്തെയും ഇന്ത്യൻനിർമ്മാപണവൈചിത്ര്യത്തെയും പാശ്ചാത്യർക്ക് വ്യാഖ്യാനിച്ചുകൊടുത്ത പുസ്തകം ചില ഇം

റോപ്യരിൽ വെച്ച് എത്രയും ഉന്നതസ്ഥാനത്തെ അർഹിക്കുന്നത് സിസ്റ്റർ നിവേദിതയാണ്. ഇന്ത്യയെ അങ്ങനെ വ്യാഖ്യാനിക്കുന്നതിൽ അവൾക്ക് ചില പ്രത്യേകാനുകൂല്യങ്ങൾ ഉണ്ടായിരുന്നുവെന്നുള്ളതു പ്രസ്താവയോഗ്യമാണ്. ജന്മസിദ്ധമായിതന്നെ അസാധാരണ വരങ്ങൾ ഉള്ളവരും, വല്ല കാര്യത്തിന്റെയും ആന്തരാർത്ഥത്തെ ചികഞ്ഞുപിടിപ്പാനുള്ള അപൂർവ്വവൈഭവം ഉള്ളവരും ആയ സിസ്റ്റർ നിവേദിതയ്ക്ക്, ഇന്ത്യയുടെ പുനരുത്ഥാനത്തിന്റെ കൊടി അടയാളമായി മിക്ക ജനങ്ങളും കരുതിവരുന്ന ഗംഭീരാശയനായ ഒരു ഗുരുവരന്റെ ശിഷ്യയായിരിപ്പാനുള്ള അപൂർവ്വഭാഗ്യംകൂടി ഉണ്ടായിരുന്നു. വിവേകാനന്ദസ്വാമി തന്റെ മാതൃഭൂമിക്കു കൊടുത്ത ദാനങ്ങളിൽ വെച്ച് ഏറ്റവും മഹത്തായ ദാനം തന്റെ ഈ ശിഷ്യയായിരുന്നു.

തന്റെ പ്രേമഭാജനമായ ഗുരുവാൽ നിർദ്ദേശിക്കപ്പെട്ട കാര്യങ്ങൾ നിവർത്തിപ്പാനായി, പ്രാചീനാചാരപ്രിയന്മാരായ ഹിന്ദുസമുദായക്കാരുടെ സഹവാസം അത്യന്താപേക്ഷിതമായിരുന്നു. ഹിന്ദുഗൃഹജീവിതത്തിന്റെയും ഹിന്ദുസമുദായജീവിതത്തിന്റെയും യഥാർത്ഥസ്ഥിതി അനുഭവിച്ചറിവാനായി അവർ പലപ്പോഴും ഹിന്ദുക്കളുടെ ഒരുമിച്ച് അവരുടെ വീടുകളിൽ പാർക്കുകയും അവരോടു എത്രയും ഐക്യതയിൽ പെരുമാറുകയും ചെയ്തു. അതിന്റെ ഫലമായി ഇന്ത്യൻജീവിതത്തെപ്പറ്റി Web of Indian Life എന്നുപേരായ ഒരു ഗ്രന്ഥം രചിച്ചു. ആ വിഷയത്തെപ്പറ്റി ഇത്ര വിശേഷമായ ഒരു പുസ്തകം ഇതേവരെയും യാതൊരു പാശ്ചാത്യന്റെയും തൂലികയിൽനിന്നു പുറപ്പെട്ടിട്ടില്ല. ഒടുക്കം കല്ക്കത്തായിൽ ഹിന്ദുക്കളുടെ കേന്ദ്രസ്ഥാനമായ ബോസിപ്പാറാലെയിൻ (Bosepara lane) എന്ന അസുഖകരമായ ഒരു മൂലയിൽ ഒരു ചെറിയ വീടു മേടിച്ച് അവിടെ പാർപ്പാക്കി. ആധുനികപരിഷ്കാരത്തിന്റെ വികൃതസന്താനങ്ങളായ ആഡംബരങ്ങളാൽ സ്പർശിക്കപോലും ചെയ്യാതെ, എത്രയും എളിയതരത്തിൽ ഒരു ഭക്തയുടെജീവിതത്തെ ആയിരുന്നു അവർ നയിച്ചത്. ആദ്യകാലങ്ങളിൽ അവൾക്കുണ്ടായിരുന്ന പ്രതിബന്ധങ്ങളും മനഃക്ലേശങ്ങളും അനല്പമായിരുന്നു. കുറെകാലത്തോളം അവൾക്കു പാചകവേല ചെയ്തുകൊടുക്കാൻ ഭൃത്യനായി ഒരു ഹിന്ദുവെ കിട്ടിയില്ല. പാകംചെയ്ത യാതൊരു ഭക്ഷണവും കഴിക്കാതെ വളരെ നാൾ പഴങ്ങളും മറ്റും തിന്നു അവർ ഉപജീവനം കഴിക്കേണ്ടിവന്നു. എന്നാൽ കാലക്രമേണ ക്ഷമാപരിപൂർണ്ണമായ പ്രേമത്താൽ അവർ ജനങ്ങളുടെ ഹൃദയത്തെ ആകർഷിച്ച കഥ വിസ്മയാവഹമാണ്. അവസാനം ജനങ്ങൾ അവരെ സ്വജാതിയായി കരുതുകയും എത്രയും പ്രാചീനാചാരഭക്തരായ സ്ത്രീകൾകൂടി അവരുടെ ഗൃഹത്തിൽ ഒരു വിരുന്നുകാരായി പാർക്കുന്നതു ഒരു ഭാഗ്യമായി വിചാരിക്കയും ചെയ്തു. ഇന്ത്യൻസോദരികളുടെ ഉന്നതിക്കായുംതാണവർഗ്ഗക്കാരെ ഉയർത്തുന്നതിന്നായും മനുഷ്യരുടെ കഷ്ടതകളെയും ദാരിദ്ര്യബാധയെയും കുറയ്ക്കുന്നതിന്നായും അവർ അത്യന്തപരിശ്രമം ചെയ്തു. അവരുടെ ഗൃഹത്തിന്നു സമീപം സ്ത്രീവിദ്യാഭ്യാസത്തിന്നായി ഒരു പാഠശാലയും വിധവമാർക്കും അഗതികൾക്കും വേണ്ടി ഒരു "സോദരീമഠ"വും

സ്ഥാപിച്ചു. പുസ്തകങ്ങൾ രചിച്ചും പത്രങ്ങളിലും പത്രഗ്രന്ഥങ്ങളിലും ലേഖനങ്ങൾ എഴുതിയും കിട്ടുന്ന പണംകൊണ്ടും തന്നെ പുത്രീനിർവ്വിശേഷമായി സ്നേഹിച്ചുവന്നിരുന്ന ഒരു പാശ്ചാത്യധനികൻെറ സഹായംകൊണ്ടും ആയിരുന്നു സ്കൂളും മഠവും നടത്തിയതു്. തൻെറ സ്വന്തം ആവശ്യങ്ങൾ കൂടി നിവർത്തിക്കാതെ, സാധുക്കൾക്കു് ദ്രവ്യസഹായം ചെയ്തു. കല്ക്കത്തായിൽ പ്ലേഗ് ഒന്നാമതു് വന്നകാലത്തു്, താൻ പാർക്കുന്ന തെരുവിൻെറ നാലുപാടും ശുചിയായി വെപ്പാൻ വളരെ പരിശ്രമം ചെയ്തുവെന്നു മാത്രമല്ല, സ്വന്തം കൈകൊണ്ടു ചൂൽ എടുത്തു കാഷ്ഠങ്ങൾ അടിച്ചുവാരിയിരുന്നു. അതു മാത്രമൊ? പ്ലേഗ്രോഗികളെ അവർതന്നെ ശുശ്രൂഷിച്ചു. പ്രേമമെന്നു വെച്ചാൽ ഇതെന്തൊരു പ്രേമം! സാധുകുടുംബജാതയായ ഒരു ചെറുപൈതലിന്നു പ്ലേഗ് പിടിപെട്ടു അതു സിസ്റ്റർ നിവേദിതയുടെ മടിയിൽ കിടന്നു, അമ്മയാണെന്നു വിചാരിച്ചു കൊച്ചുകൈകൾ കൊണ്ടു നിവേദിതയുടെ കൈകൾ പിടിച്ചു നിലയിൽ പ്രാണൻ വിട്ട കഥ അറിയാത്തവർ ആരാണുള്ളതു്? അവരുടെ യശശ്ശരീരം കല്പാന്തം ലോകത്തിൽ നിന്നു പോരുവാൻ പ്ലേഗുകാലത്തു ചെയ്ത പ്രവൃത്തികൾ മാത്രം മതി.

൧൯൦൬-ൽ ബങ്കാളത്തു് വമ്പിച്ച ക്ഷാമവും വെള്ളപ്പൊക്കവും ഉണ്ടായിരുന്ന കാലത്തു് സിസ്റ്റർ ധീരതയോടെ ചെയ്ത സഹായങ്ങൾ എത്രയും പ്രശംസനീയമായിരുന്നു. ജലപ്പൊക്കം ഉണ്ടായ പല ഗ്രാമങ്ങളിലും അവർതന്നെ പോയി ജനങ്ങൾക്കു് വളരെ സഹായങ്ങൾ ചെയ്തിരുന്നു. ഈ സാഹസപ്രവൃത്തിയാൽ അവർക്കു കഠിനതരമായി മലമ്പനി ബാധിക്കയും മരണം വരെ അതിൽനിന്നു തീരെ വിമുക്തയാവാതിരിക്കയും ചെയ്തു.

നിവേദിതയുടെ ഹൃദയഗുണത്തിൻെറയും ഹൃദയശുദ്ധിയുടെയും പ്രദർശനം കണ്ടുവല്ലൊ. ഇനി അവരുടെ ബുദ്ധിവൈശിഷ്ട്യത്തെപ്പററി പറയുന്നതായാൽ, അതു ഹൃദയവൈശിഷ്ട്യത്തെ അതിശയിക്കുന്നതായിരിക്കും. വിവേകാനന്ദസ്വാമിക്കു് അനേകം ശിഷ്യന്മാർ ഉണ്ടായിരുന്നു. അവരിൽ മിക്കവരുടെയും പ്രസംഗങ്ങളും പുസ്തകങ്ങളും ഞാൻ വായിച്ചിട്ടുണ്ടു്. അവയിൽ ഒക്കെ പ്രതിബിംബിച്ചു കാണുന്നതു് വിവേകാനന്ദൻെറ ആശയങ്ങളും നിരൂപണങ്ങളും തിരിച്ചും മറിച്ചും സ്വന്തഭാഷയിൽ പറയുന്നതല്ലാതെ, അവയിൽ ഒന്നിലും "സ്വകപോലകല്പിതത്വം" എന്ന ഗുണം ഇല്ലേ ഇല്ല. സിസ്റ്റർ നിവേദിതയുടെ കൃതികളുടെ കഥ അങ്ങിനെ അല്ല. അവ വായിക്കുമ്പോൾ, അദ്വിതീയമായ നൂതനത്വവും പുഷ്ടിയും ശക്തിയും ഉള്ള ഒരു മനസ്സുമായി അഭിമുഖമായി നില്ക്കയാണെന്നുള്ള അനുഭവം ആർക്കും ഉണ്ടാകാതിരിക്കയില്ല. ഗുരുവെപ്പോലെ തന്നെ അവരും ഒരു ബുദ്ധ്യതിശയയുക്തയായിരുന്നു.

സിസ്റ്റർ നിവേദിതയുടെ ഭാഷാരീതി ഗംഭീരവും ഉജ്ജ്വലവും ആയിരുന്നു. അവരുടെ കൃതികൾ വായിച്ചു പരിചയിച്ചവർക്കു, അവർ എഴുതിയ ഏതെങ്കിലും ഒരു കൃതി കണ്ടാൽ, പേർ കാണാതെ തന്നെ അതു് അവരുടെ വകയാണെന്നു പറവാൻ സാധിക്കും. അതിൻെറ പ്രത്യേകത അത്ര വിശദമായിരുന്നു. അത്ര ഹൃദയംഗമ

മായ ഭാഷയിൽ എഴുതി ഫലിപ്പിക്കുന്നവർ നന്നെ ചുരുക്കും.

അവരുടെ ഗുരുവിനെപ്പററി അവർ എഴുതിയ The Master as I saw him എന്ന ഗ്രന്ഥത്തെപ്പററി Hibbert Journal ഇങ്ങിനെ അഭിപ്രായം പറഞ്ഞതായി ഞാൻ ഓർക്കുന്നു. "വിശിഷ്ടങ്ങളായ പ്രാചീനമതഗ്രന്ഥങ്ങളുടെ ഇടയിൽ, വിവിധവേദഗ്രന്ഥങ്ങളുടെ ചുവടെ, Confession of St: Augustine & Life of St Francis എന്ന ഗ്രന്ഥങ്ങൾ വെച്ച അതെ ഷെൽഫിന്മേൽ, ഈ പുസ്തകത്തെ വെക്കാവുന്നതാണ്"

അവരുടെ പ്രസംഗവും വളരെ വിശേഷമായിരുന്നു. യാതൊരു കുറിപ്പിന്റെ സഹായവും കൂടാതെ ഏതൊരു വിഷയത്തെപ്പററിയും വാശ്ധാടിയോടെ ലളിതമായ വിധത്തിൽ പ്രസംഗിച്ച ശ്രോതാക്കളുടെ ഹൃദയത്തെ ആകർഷിക്കുവാൻ അവക്കു കഴിഞ്ഞിരുന്നു.

ഇങ്ങിനെ വിവിധഗുണഭൂയിഷ്ഠയായ ഒരു മഹിളാരത്നത്തെ അസൂയയോടെ അകാലമായി തട്ടിപ്പറിച്ചുകൊണ്ടു പോയ്ക്കളഞ്ഞ കാലൻ മഹാ ഖലൻ തന്നെ. "വഞ്ചിമുങ്ങുകയാണ്. പക്ഷെ ഞാൻ അരുണോദയം കാണും" എന്നായിരുന്നു സിസ്റ്റർ നിവേദിതയുടെ അന്ത്യവചനം.

ധർമ്മടം. —വി. കുഞ്ഞിക്കണ്ണൻ.

അനാർക്കലി

(ടി. പി.)

മഹാനായ അക്ബർ ചക്രവത്തിയുടെ അന്തഃപ്പുരത്തിൽ ഒരു തോഴിയുടെ പുത്രിയായിരുന്ന നാദിരായെ, ഒരുദിവസം, ചക്രവത്തി അനാർക്കലി, അല്ലെങ്കിൽ മാതളം പൂവ്വെന്നു വിളിക്കുകയുണ്ടായി. ചക്രവത്തി കൌതുകം തോന്നിയിട്ടാണ് അങ്ങിനെ വിളിച്ചത്. എന്നാൽ, അതിന്റെ ശേഷം എല്ലാവരും ആ പെൺകുട്ടിയെ അനാർക്കലി എന്നു വിളിച്ചുതുടങ്ങുകയും, ഒടുവിൽ അവളുടെ പേർ തന്നെ അനാർക്കലി എന്നായി തീരുകയും ചെയ്തു.

അനാർക്കലി രസികത്തിയായ ഒരു ചെറിയ കുട്ടിയായിരുന്നു. അവൾക്ക് അഴകും പ്രകാശവും പ്രസരിപ്പുമുണ്ടായിരുന്നു. അന്തഃപ്പുരത്തിലെ എല്ലാം ബീഗമാക്കും ഈ ബാലിക ഒരു ഓമനയായിരുന്നു. അവൾ എപ്പോഴും കളിക്കുകയും ചിരിക്കുകയും, നിർദ്ദോഷമായ ആഹ്ലാദത്തോടുകൂടി അന്തഃപ്പുരത്തിലെ നാനാഭാഗങ്ങളിലും, ഒരു പൂന്തോട്ടത്തിൽ പറന്നുകളിക്കുന്ന ചിത്രശലഭത്തെപ്പോലെ, ഉത്സാഹപൂർവ്വം ഓടി നടന്നുകൊണ്ടിരിക്കുകയും ചെയ്യും.

ഒരു പൂമൊട്ട് എത്രകാലം വിരിയാതിരിക്കും? അഹിമകിരണന്റെ മന്ദോഷ്ണത്തോടുകൂടിയ സ്പർശം അതിനെ മെല്ലെ മെല്ലെത്തുറന്ന്, അതിന്റെ സൌഭാഗ്യനിധിയെയും സൌരഭ്യത്തേയും ലോകസമക്ഷം വെളിപ്പെടുത്തുന്നു. അനാർക്കലിയുടെ

കാൎയ്യവും അങ്ങനെതന്നെ. ജീവിതദശയിലെ വസന്തകാലം ആരംഭിച്ചു. അവളുടെ നവയൗവനസൗഭാഗ്യം അവൎണ്ണനീയമായിരുന്നു. ഒരു ബാലിക ഒരു സ്ത്രീയായി. എന്തു് ആശ്ചൎയ്യകരമായ മാററം! ബാലചാപലങ്ങൾ ഉപേക്ഷിച്ചു് അനാർക്കലി മാന്യസ്ത്രീസഹജമായ അന്തസ്സും ഗൌരവവുമുള്ളവളായിത്തീൎന്നു. അവളുടെ മന്ദസ്മിതപ്രൗഢിയും, മനോമോഹനമായ നേത്രഭംഗിയും ആരേയും ഇളക്കത്തക്കതായിരുന്നു. യൗവനത്തിന്റെ തള്ളിച്ചയാലും, സ്വാഭാവികമായ വിനോദരസികതയാലും ഒരു അസാധാരണമായ അസ്വാസ്ഥ്യം അവളെ ബാധിച്ചു. നിമിഷംപ്രതി അവളുടെ നവയൗവനസൗഭാഗ്യം നവംനവമായി പ്രകാശിച്ചുതുടങ്ങി.

അന്തപ്പുരത്തിലെ പ്രായംചെന്ന സ്ത്രീകളെല്ലാം അനാർക്കലിയെ കാണുമ്പോൾ എന്തോ ആലോചനയോടുകൂടി ദീർഘശ്വാസം വിടുക സാധാരണയായിരുന്നു. എന്തെന്നാൽ, അവൾ, ആ സ്ത്രീകളുടെ യൗവനകാലത്തെ ഓൎമ്മിപ്പിച്ചിരുന്നു. "ഹാ, അനാർക്കലി വളൎന്നുതുടങ്ങി" എന്നു് അവളുടെ സഖികളും പറഞ്ഞുതുടങ്ങി.

ഒരു ബാലികയായിരുന്ന അനാർക്കലി യൗവനപൂൎത്തിയായ ഒരു തരുണിയായിത്തീൎന്നു. അന്തപ്പുരത്തിനുള്ളിൽ പൎദ്ദാസമ്പ്രദായം നടപ്പില്ലായിരുന്നതിനാൽ, അവിടെ താമസിച്ചിരുന്ന പല ചെറുപ്പക്കാരും അനാർക്കലിയുടെ അംഗലാവണ്യം കണ്ടു വിസ്മയിച്ചു. അവരിൽ ഒരാളായിരുന്നു അക്ബറുടെ പുത്രനും കിരീടാവകാശിയുമായ സലിം രാജകുമാരൻ.

II

അനാർക്കലിയെ കണ്ടാൽ ആൎക്കും അവളിൽ അനുരാഗമുണ്ടാകും; അവളുടെ അഴകു് അത്ര മനോഹരമായിരുന്നു. യുവാവായ സലിം അനാർക്കലിയുടെ സുകുമാരകളേബരം കണ്ടു മയങ്ങി. അവളുടെ അംഗലാവണ്യത്താൽ അയാൾ വശീകൃതനായി. തന്റെ മനോരഥം അവളെ അറിയിക്കണമെന്നു് സലിമിനു് അത്യാഗ്രഹമായിത്തീൎന്നു.

ചന്ദ്രികയുള്ള ഒരു സായാഹ്നത്തിലായിരുന്നു അവർ ഏകാകികളായി ആദ്യം കണ്ടെത്തിയതു്. ഒരു വലിയ മഴ പെയ്തു ശുചിയാക്കപ്പെട്ടിരുന്നതിനാൽ പൂന്തോട്ടം ആഹ്ലാദകരമായും നവസൗരഭ്യത്തോടുകൂടിയുമിരുന്നു. വൃക്ഷങ്ങളുടെ ഇലകളിൽനിന്നു് വീണിരുന്ന വെള്ളത്തുള്ളികൾ സന്തോഷകരമായ ഒരു മൃദുമൎമ്മരശബ്ദം പുറപ്പെടുവിച്ചിരുന്നു. ആകാശത്തിൽനിന്നും മേഘങ്ങൾ നീങ്ങിത്തുടങ്ങി. ഇടക്കിടെ മങ്ങിക്കൊണ്ടിരുന്ന ചന്ദ്രിക തരുശിഖരങ്ങളിൽ മിന്നിമിന്നി പ്രകാശിച്ചു. അപ്പോൾ അനാർക്കലി അവളുടെ ഓമനയായ മാൻകുട്ടിയെ അന്വേഷിച്ചുകൊണ്ടു്, ആ പൂന്തോട്ടത്തിലെ നനഞ്ഞിരുന്ന മാർബിൾ പാതയിൽകൂടി നടക്കുകയായിരുന്നു.

"ഹരാ, ഹരാ."

അവളുടെ ശ്രുതിമധുരമായ ഈ വിളി ആ പൂന്തോട്ടത്തിലെ ശാന്തമായ നിശ്ശബ്ദതയെ ഭേദിച്ചു.

"ഹരാ, ഹരാ."

അവൾ പിന്നെയും വിളിച്ചു. മെല്ലെ മെല്ലെ ആടിക്കുന്ന ഒരു സുവൎണ്ണമണി

നാദം, അപ്പോൾ അവളുടെ വിളിക്ക മറുപടിയായി പുറപ്പെട്ടു.

"ഹരാ, ഹരാ,"

പിന്നെയും, കിലുങ്ങുന്ന ആ ശബ്ദം കേൾക്കകയുണ്ടായി. എന്നാൽ അതു വളരെ അവ്യക്തമായിരുന്നു; വളരെ താണ സ്വരത്തിലുമായിരുന്നു. ചിലപ്പോൾ അതു ദൂരത്തുനിന്നാണെന്നും, ചിലപ്പോൾ സമീപത്തുനിന്നാണെന്നും തോന്നി. മാൻകുട്ടി അവളുടെ വിളി കേട്ടിരിക്കണം. അല്ലെങ്കിൽ ഇങ്ങനെ വിളിക്ക് മറുപടി ഉണ്ടാകുന്നതെങ്ങനെ? എന്നാൽ അതെവിടെ ആയിരുന്നു? ഒരൊററ വിളിയാൽ അതു് അവളുടെ അടുക്കൽ ഓടിച്ചാടി വരുന്നതായിരുന്നുവല്ലൊ.

അവൾ പിന്നെയും വിളിച്ചു. പിന്നെയും ആ മണിനാദം കേട്ടു. ആ ശബ്ദം കേട്ട സ്ഥലത്തെ ലക്ഷ്യമാക്കി അവൾ വേഗം നടന്നുതുടങ്ങി. തോട്ടത്തിൻെറ അററത്തുള്ള ഒരു മൂലയിൽ അവൾ എത്തി. മിക്കവാറും സങ്കടത്തോടുകൂടിയ ഒരു ശബ്ദത്തോടുകൂടി അവൾ പിന്നെയും വിളിച്ചു:-- "ഹരാ, നീ എവിടെയാണു്?"

ഒരു മരത്തിൻെറ പിൻഭാഗത്തുനിന്നു് ആ മാൻകുട്ടി സന്തോഷപൂർവ്വം ചാടിഓടിക്കൊണ്ടു് അവളുടെ അടുക്കെ എത്തി. നിശ്ശബ്ദമായിരുന്ന ആ പൂന്തോട്ടത്തിൽ, ആ മാൻകുട്ടിയുടെ കഴുത്തിലും കാലിലുമുണ്ടായിരുന്ന സ്വർണ്ണമണികളിൽനിന്നു് മധുരമയമായ മൃദുലശബ്ദങ്ങൾ പുറപ്പെട്ടു് വ്യാപിച്ചു. അനാർക്കലി കുനിഞ്ഞ് ആ മൃഗകിശോരൻെറ കഴുത്തിൽ കെട്ടിപ്പിടിച്ചു. സ്നേഹത്തോടുകൂടി അവൾ പറഞ്ഞു:— "എൻെറ അപ്പനെ, നീ ഇത്ര നേരം എവിടെ ആയിരുന്നു? ആരാണു് നിന്നെ പിടിച്ചു നിറുത്തിയതു്?"

"ഞാൻ."

അനാർക്കലി പരിഭ്രമിച്ചു. ആരാണ് മറുപടി പറഞ്ഞതെന്നറിയാനായി അവൾ ചുററും നോക്കി. അവളുടെ നേത്രങ്ങളിൽ ഭയലക്ഷണങ്ങൾ ഉണ്ടായിരുന്നു.

അവളുടെ പിൻഭാഗത്തു നിന്നിരുന്നതു സലിം രാജകുമാരനായിരുന്നു. പുഞ്ചിരിയോടുകൂടി സലിം പറഞ്ഞു:— "നിൻെറ മാൻകുട്ടിയെ ഞാൻ വിട്ടയച്ചില്ല."

കോമളമായ അവളുടെ മുഖത്തു ഒരു രക്തവർണ്ണം പെട്ടെന്നു് പ്രകാശിച്ചു. മൂടുപടം ശരിയാക്കിയ ശേഷം അവൾ രാജകുമാരനെ താണു വണങ്ങി. അവൾ പറഞ്ഞു:— "തിരുമേനി ക്ഷമിക്കണേ, അടിയൻ അറിയാ—"

അവളുടെ വാക്കുകൾ മുഴുവൻ പുറപ്പെട്ടില്ല.

സലിം— "ഞാനാണു് ക്ഷമായാചനം ചെയ്യേണ്ടതു്. അനാർക്കലി, നിൻെറ വാത്സല്യഭാജനമായ മാൻകുട്ടിയെ ഞാനല്ലേ പിടിച്ചു നിറുത്തിയതു്?"

രാജകുമാരൻെറ, താണ്, ഗൌരവം കുറഞ്ഞ സംഭാഷണത്തിൽ അനാർക്കലിയ്ക്കു് പരുങ്ങൽ ഉണ്ടാകത്തക്ക "എന്തോ ഒന്നു" ണ്ടായിരുന്നുവെന്നു അവൾക്കു തോന്നി; എന്താണെന്നു അവൾക്കു് മനസ്സിലായില്ല.

"ഞാനെന്തിനാണ് അതിനെ പിടിച്ചു നിറുത്തിയതെന്നു് നിനക്കറിയാമോ" എന്നു് ആ രാജകുമാരൻ കുറേക്കൂടി അടു

ത്തുവന്ന് അവളോട്ട ചോദിച്ചു: "കാരണം, അതിന് നിൻേറതുപോലെ ഭംഗിയുള്ള കണ്ണുകളുണ്ട്."

ഈ പറഞ്ഞതെല്ലാം അനാക്ക്‌ലി കേട്ടു. രാജകുമാരൻ തന്നോ സ്നേഹിക്കുന്നുണ്ടെന്ന് അവൾ മുമ്പ് കേട്ടിട്ടുണ്ടായിരുന്നു. ഇപ്പോൾ അതിനെപററിയുള്ള സംശയം തീൎന്നു. ഇതുവരെ അറിയാതിരുന്ന ഒരു സന്തോഷാധിക്യം നിമിത്തം അവൾക്ക് മിണ്ടാൻ വയ്യാതായി.

സലിം അവളുടെ അടുക്കെ ആയിരുന്നു നിന്നിരുന്നത്: അവൾ മുഖമുയൎത്തി നോക്കി. അവർ രണ്ടുപേരും പരസ്പരം കണ്ടു. സലിം അവളെ ഒരുദ്ദേശത്തോടുകൂടിയെന്നപോലെ നോക്കി, മന്ദസ്മിതം ചെയ്തു. അവളുടെ മുഖകമലം ലജ്ജാപൂൎവ്വമായ ഒരു പുഞ്ചിരിയാൽ അല്പം വികസിതമായി. സലിം ആ സമയം മന്ദമായി അവളുടെ തോളിൽ കൈ വച്ച്, അവളെ തൻേറ സമീപം അണച്ചു നിറുത്തി.

"എൻെറ തങ്കമേ, ജീവനായികെ, നീ എൻേറതും, എൻേറതു മാത്രവും ആയിരിക്കണെ" എന്ന് സലിം അവളുടെ ചെവിയിൽ മന്ത്രിച്ചു.

അനന്തരം അവരുടെ അധരങ്ങൾ തമ്മിൽ മന്ദമായി സ്പൎശിക്കുകയും, സലിമിൻെറ ബാഹുലതകളാൽ നിബദ്ധയായി നിന്നപ്പോൾ അനാക്ക്‌ലിക്ക് എന്തെന്നില്ലാത്ത ഒരു പരിതോഷപരിഭ്രമം ഉണ്ടാകയും ചെയ്തു.

അനാക്ക്‌ലിയുടെ മാൻകുട്ടി പെട്ടെന്നു ഞെട്ടി എഴുനീററു. എന്തോ ഒരു ദുസ്വപ്നം അതിനെ ദുഃഖിപ്പിക്കുന്നതായി തോന്നി. അതിൻെറ കണ്ണുകളിൽ നിന്നു രണ്ടു ബാഷ്പകണങ്ങൾ പുൽത്തറയിൽ വീണ്, ചന്ദ്രികാപ്രകാശത്താൽ തിളങ്ങുന്ന മുത്തുകളെപ്പോലെ അവർ കണ്ടു.

III

അന്നു രാത്രി അനാക്ക്‌ലിക്ക് ഉറക്കം വന്നതേ ഇല്ല. സന്തോഷാധിക്യം അവളുടെ ഉറക്കത്തിനു് പ്രതിബന്ധമായി. വൈകുന്നേരത്തെ സംഭവത്തെപ്പററിയുള്ള സ്മരണ അവളെ ഉറങ്ങാനനുവദിച്ചില്ല. അപ്രതീക്ഷിതവും വിസ്മയകരവുമായ രാജകുമാരൻെറ അനുരാഗപ്രതിജ്ഞയാൽ, അനിയന്ത്രിതമായ ഒരു സന്തോഷപ്രവാഹം നിമിത്തം അവൾക്കു സമാധാനമുണ്ടായില്ല. അവൾ കണ്ണടച്ചുകൊണ്ട് കിടക്കയിൽ കിടന്നു. പെട്ടെന്നുണ്ടായതും അവൾക്ക് ഏററവും സന്തോഷകരവും, അനേകം ആശകൾക്ക് മാൎഗ്ഗം നല്കിയതുമായ അന്നത്തെ സംഭവം അവളുടെ മനസ്സിൽ കിടന്ന് തിങ്ങിവിങ്ങുന്ന പല മനോരാജ്യങ്ങൾക്കുമിടയാക്കി. അന്നു വൈകുന്നേരം സലിമിനെ കണ്ടുമുട്ടിയ മുതൽക്കുണ്ടായ ഓരോ സംഗതിയെപ്പററിയും ഓരോന്നായി അവൾ വീണ്ടും വീണ്ടും ആലോചിച്ചു. അതുകൾ എത്ര ആനന്ദകരങ്ങളായിട്ടാണ് അവൾക്കു തോന്നിയതെന്നു പറവാൻ പ്രയാസം. ഇങ്ങനെ ആ സംഭവങ്ങളെപ്പററി ആലോചിച്ചുകൊണ്ട് അവൾ സുഖിക്കുകയായിരുന്നു. അവൾക്കുറക്കം വരാതിരുന്നതിൽ എന്താണാശ്ചൎയ്യം?

ഹാ, അനുരാഗമേ! അതെ, അതുതന്നേയാണത്. രാജകുമാരന് അവളിലും അനുരാഗം ഉണ്ടായിരുന്നു. എത്ര വിസ്മ

യകരം! എങ്ങനെയാണ് ഈ സംഭവം ഉണ്ടായതെന്ന് അവൾ മനസ്സിലാക്കിയിട്ടില്ലായിരുന്നു. അവൾ വളരെ സൗഭാഗ്യവതി ആയിരുന്നുവോ? മനോഹരി ആയിരുന്നുവോ? അതെ, അവൾ സുന്ദരിയാണെന്ന് അവൾക്കു തോന്നുകയും, അങ്ങനെ തോന്നിയപ്പോൾ ആനന്ദത്തിൽ മുഴുകിയ അവൾക്ക്, അതിനെക്കുറിച്ച് ഒരു അഭിമാനം ഉണ്ടാകയും ചെയ്തു. ഭാവിയിലെ ഭാഗ്യത്തെപ്പറ്റിയുള്ള ആശ അവൾക്കുണ്ടായി. സലിം അവളെ വിവാഹം ചെയ്യും, നിശ്ചയം തന്നെ. പിന്നത്തെ ഭാഗ്യം പറയാനുണ്ടോ! "ആ! അനുഗ്രഹിക്കപ്പെട്ട സമയമേ! അതു വേഗം വന്നുവെങ്കിലെത്ര നന്ന്" എന്നായിരുന്നു അവൾ തന്നെത്താൻ പറഞ്ഞത്.

ഈവക മനോജ്ഞമനോരാജ്യങ്ങളോടുകൂടിയാണ് അവൾ കിടന്നിരുന്നത്. അവൾ അതുകളെ കുറിച്ചു പിന്നെയും പിന്നെയും ആലോചിച്ചു. ഓരോ സമയവും അവളുടെ വിചാരങ്ങൾ അവളെ പ്രത്യേകം സന്തോഷിപ്പിച്ചു.

സലിമിനും ആ രാത്രി ഉറക്കമുണ്ടായില്ല. ഈ രാജകുമാരന് ഇക്കാലത്തു വളരെ ചെറുപ്പമായിരുന്നു. ഒരു യുവാവായി എന്നു പറയത്തക്ക പ്രായമേ ഉണ്ടായിരുന്നുള്ളു. ഈ പ്രായത്തിലുള്ള ഒരു യുവാവിന്റെ അനുരാഗംപോലെ ആർക്കാണ് നിർദ്ദോഷവും ഹൃദയംഗമവുമായ അനുരാഗമുണ്ടാകുന്നത്? അനാർക്കലിയുടെ കോമളാകാരവും പ്രായവും സലിമിനെ ആകർഷിച്ചിരുന്നു. സലിം അവളുമായുണ്ടായ സമാഗമത്തെപ്പറ്റി ആലോചിച്ചുകൊണ്ടുതന്നേയാണ് കിടന്നത്. വളരെ നേരം കഴിഞ്ഞശേഷം സമാധാനമില്ലാതെ ആയാൾ ഉറങ്ങി.

IV.

കുറേ ദിവസം കഴിഞ്ഞ് രാജധാനിയിൽ ഒരു പാട്ടുകച്ചേരിയുണ്ടായി. അക്ബർ ചക്രവർത്തിക്ക് സംഗീതത്തിൽ വളരെ താൽപര്യമുണ്ടായിരുന്നു. ചിലപ്പോഴൊക്കെ വൈകുന്നേരം അവിടെവച്ച്, അതിനാൽ പാട്ടുകച്ചേരികൾ നടത്തുക പതിവാണ്.

അനാർക്കലി പാടാനും ആടാനും വളരെ സാമർത്ഥ്യമുള്ളവളായിരുന്നു. അവളുടെ പാട്ട് ആനന്ദകരമായിരുന്നു. അതുനിമിത്തം അക്ബർചക്രവർത്തിക്ക് അവളിൽ പ്രത്യേകംസ്നേഹവുമുണ്ടായിരുന്നു. അദ്ദേഹം മിക്കദിവസങ്ങളിലും അനാർക്കലിയുടെ പാട്ടുകേൾക്കുക പതിവാണ്. പാട്ടുകച്ചേരിയുള്ളപ്പോൾ അനാർക്കലി പാടിയില്ലെങ്കിൽ, അതു മുഴുവനായില്ലാ എന്നാണു നിശ്ചയം.

ഭംഗിയായും രാജയോഗ്യമായ പദവികളോടുകൂടിയും അലങ്കരിക്കപ്പെട്ടിരുന്ന ഒരു വലിയ ഹാളിൽ വച്ചായിരുന്നു പാട്ടുകച്ചേരി. ചക്രവർത്തിയും അന്തഃപുരസ്ത്രീകളും മറ്റും പാട്ടുകച്ചേരിക്കു വന്നുകഴിഞ്ഞു. ചക്രവർത്തി മദ്ധ്യഭാഗത്തു സിംഹാസനത്തിൽ ഇരുന്നു. രാജകുടുംബത്തിലുള്ള എല്ലാം അംഗങ്ങളും യഥായോഗ്യം ആസനസ്ഥരായി. പല ബാലികമാരും പാട്ടുപാടി. അനാർക്കലി എത്തിക്കഴിഞ്ഞില്ല. അവൾ ഒടുവിലേ പാടുവാൻ വന്നുള്ളു. വന്ന ഉടനെ ചക്രവർത്തിയെ താണു വണങ്ങി. അവൾ അന്ന് വിലപിടിച്ച കസവുവസ്ത്രങ്ങൾ ധരിച്ച്, വിശേഷപ്പെട്ട ആ

ഭരണങ്ങൾ അണിഞ്ഞുകൊണ്ടാണ് വന്നിരുന്നതു്. അവൾക്കു മുമ്പു പാടിയ ബാലികമാരിൽ ആരും ഇത്ര അന്തസ്സിലും മോടിയോടും കൂടി വന്നിട്ടില്ലായിരുന്നു. അവളുടെ സൌന്ദര്യമോ? അതും അവരെ അപേക്ഷിച്ച് അത്ഭുതതരവും, കൂടുതൽ മനോമോഹനവും ആയിരുന്നു.

ചക്രവർത്തിയ്ക്കു അനാക്കലിയെക്കണ്ടപ്പോൾ ഒരു മന്ദസ്മിതം ഉണ്ടായി. അദ്ദേഹം പറഞ്ഞു:— "പൂർണ്ണചന്ദ്രന് തിളങ്ങിക്കൊണ്ടിരിക്കുന്ന നക്ഷത്രങ്ങളെ ജയിക്കാൻ പ്രത്യേകമായി പരിവേഷം വേണമെന്നില്ല. ബാലികേ, എന്തിനാണീ മിന്നുന്ന വസ്ത്രങ്ങൾ!"

അനാക്കലി മിണ്ടാതെ നിന്നു. അവൾ എന്തു പറയാനാണ്! അവൾ പരിഭ്രമിച്ചു. സലിം രാജകുമാരനും ആ ഹാളിൽ ഉണ്ടായിരുന്നു. അവൾ പാടാൻ തുടങ്ങി. എത്ര കർണ്ണാനന്ദകരമായ പാട്ട്! എല്ലാവരുടെയും ശ്രദ്ധയും ദൃഷ്ടിയും അവളിലായി. പാട്ടും ആട്ടവും എല്ലാവരേയും ആനന്ദസമുദ്രന് മഗ്നരാക്കി. അവളോ? അവൾ അവിടെ സലിമിനെ കണ്ടുകഴിഞ്ഞിരിക്കുന്നു. അതു നിമിത്തം അവളുടെ ഹൃദയത്തിൽ അനേകം വിചാരങ്ങൾ തള്ളിത്തിങ്ങി വിങ്ങി. അവൾ തന്നെത്താൻ മറന്നു. പാട്ടിൽ അന്യന്മാരെ ലയിപ്പിച്ചതോടുകൂടി അവളും ലയിച്ചു. അവൾ ചുററും നോക്കിയപ്പോൾ സലിം അവളുടെ പാട്ടു കേട്ട് മയങ്ങി ഇരിക്കുന്നതു കണ്ടു. സലിം അവളേയും നോക്കി. അനാക്കലി അറിയാതെ, ആ രാജകുമാരൻ മുഖത്തു നോക്കിയപ്പോൾ, അവൾക്ക് ഒരു മന്ദഹാസം പുറപ്പെട്ടു.

ആ സമയം ചക്രവർത്തിയുടെ ഒരു ആജ്ഞാപനം കേട്ടു. "സംഗീതം നിറുത്തട്ടെ" എന്നായിരുന്നു കല്പനയായതു്. പെട്ടെന്നു പാട്ടും മേളവും നിറുത്തപ്പെട്ടു. നിശ്ശബ്ദമായി.

(തുടരും)

മൂട്ട.

മൂട്ടയ്ക്കു് രാജാവിൻെറ പള്ളിവിരിപ്പെന്നും, ദരിദ്രൻെറ കീറപ്പായയെന്നും വ്യത്യാസമില്ല. ഒരിക്കൽ ഒരു രാജാവിൻെറ പള്ളിവിരിപ്പിൽ കുടികൊണ്ടു് രാജാവിൻെറ തിരുരക്തവും പാനംചെയ്തു സുഖിച്ചിരുന്ന ഒരു മൂട്ടയുണ്ടായിരുന്നു. ഒരു പേൻ ആ മൂട്ടയ്ക്കു് സംബന്ധമാവാം എന്നുവെച്ചു രാജമെത്തയിൽ കടന്നുകൂടി. രാജാവു ചെന്നു കിടന്നപ്പോൾ മൂട്ട തിരുമെനിയെ കടിച്ചു. രാജാവു് ഞെട്ടിയുണർന്നു ഭൃത്യന്മാരെ വിളിച്ചു, അവർ പന്തവും തിരിയും കൊളുത്തി വരുന്നതിലിടയ്ക്കു് മൂട്ട ഓടി ഒളിച്ചു. ഭൃത്യന്മാർ പേനിനെ പിടിച്ചു നഖത്തിന്മേൽ വെച്ചു ഞെക്കി കൊല്ലുകയും ചെയ്തു. പഞ്ചതന്ത്രത്തിൽ നമ്മൾ വായിച്ച ഈ കഥകൊണ്ടു് ഉദാഹരിക്കുന്നതു്, സ-

ജാതിയിലല്ലാതെ സംബന്ധത്തിന്നാലൊചിച്ചാലുള്ള അനൎത്ഥമാണ്. മനുഷ്യനെ കടിക്കാനും ചോര കുടിക്കാനും പെട്ടെന്ന് ഒളിച്ചു കളവാനും മൂട്ടയ്ക്കുള്ള സാമൎത്ഥ്യമാണ് ഈ കഥകൊണ്ടുള്ള മറ്റൊരു പാഠം. ഈ പ്രബന്ധത്തിന്ന് ഈ ഒടുവിൽ പറഞ്ഞ പാഠമാണ് ആവശ്യം. മൂട്ടയെപോലെ ഇത്ര ധിക്കാരിയായി മറ്റൊരു ജീവിയുണ്ടെന്ന് തോന്നുന്നില്ല. "ദുഷ്ടാവ്യവും മൂട്ടയുമൊന്നുപോലെ" എന്ന സമസ്യ നിൎമ്മിച്ച വിദ്വാന്ന് ദുഷ്ടാവ്യംകൊണ്ടും മൂട്ടയെകൊണ്ടും മനുഷ്യൻ സഹിക്കുന്ന ബുദ്ധിമുട്ടിനെപറ്റി നല്ല പരിചയം ഉണ്ടെന്നതിനു സംശയമില്ല.

ഈ മൂട്ടയുടെ ജനനസ്ഥലം ഇന്ത്യാരാജ്യമാണെന്നു ഒരു പ്രകൃതിശാസ്ത്രജ്ഞൻ പറയുന്നു. ഇന്ത്യയിൽ മലയാളരാജ്യം തന്നെയായിരിക്കണമെന്നാണ് എന്റെ അഭിപ്രായം. മൂട്ടയില്ലാത്ത വീടും മുറിക്കില്ലാത്ത പറമ്പും കേരളത്തിൽ ഉണ്ടെന്നു തോന്നുന്നില്ല. പതിനേഴാം നൂറ്റാണ്ടിലാണെപോൽ മൂട്ട ഇന്ത്യയിൽ നിന്ന് വിദേശസഞ്ചാരം തുടങ്ങിയതും ഇംഗ്ലണ്ടിൽ ചെന്നെത്തിയതും. ഐ. സി. എസ്; ഐ. എം. എസ്സ്; എൽ. ആർ. സി. പി; മുതലായ പരീക്ഷകൾ പഠിക്കാൻ ഇന്ത്യക്കാരായ വിദ്യാൎത്ഥികൾ പോകുന്നതിന് രണ്ടു നൂറ്റാണ്ട് മുമ്പുതന്നെ ഇവിടത്തെ മൂട്ട ഇംഗ്ലണ്ടിൽ എത്തിക്കഴിഞ്ഞിരിക്കുന്നു. എന്നാലോ, "കൂറ ബെങ്കാളത്തു പോയതു പോലെ"യല്ല. അവിടെ പോയി, അവിടെ കൂടി. അതുകൊണ്ട് മൂട്ടക്ക് ഉപകാരമുണ്ടായില്ലെന്നില്ല. ഇംഗ്ലണ്ടിൽ എത്തിയിരുന്നില്ലെങ്കിൽ തന്റെ ജീവചരിത്രത്തെപ്പറ്റി ആരും അന്വേഷണം കഴിക്കാനും അതിനെപ്പറ്റി എഴുതാനും സംഗതിവരുന്നതല്ലായിരുന്നു. രവീന്ദ്രനാഥടാഗോറിന്ന് കിട്ടിയ പ്രശസ്തിയും അങ്ങിനെതന്നെയാണല്ലൊ. അദ്ദേഹത്തിന്റെ കവിത ഇംഗ്ലണ്ടിൽ എത്തിയിരുന്നില്ലെങ്കിൽ നമ്മളാരെങ്കിലും അതിനെപ്പറ്റി വല്ലതും അറിയുമായിരുന്നൊ? യൂറോപ്പിൽ നിന്നു, മെല്ലെ, അമെരിക്കയിലും അവിടുന്നു ലോകം മുഴവനും മൂട്ട വ്യാപിച്ചുകഴിഞ്ഞിരിക്കുന്നു. മൂട്ട സ്വേദജമാണെന്നാണ് പുരാണഹിന്തുക്കൾ വാദിച്ചതു്. ഇപ്പഴും ചില പണ്ഡിതന്മാർ അങ്ങിനെ അഭിപ്രായപ്പെടുന്നുണ്ടല്ലൊ. അരിസ്റ്റോട്ടൽ എന്ന പണ്ഡിതനും ഈ അഭിപ്രായക്കാരനായിരുന്നു. പക്ഷെ മൂട്ടയുടെ മുട്ടയിൽ നിന്നല്ലാതെ മൂട്ട ജനിക്കയില്ലെന്നാണ് നവീനപണ്ഡിതന്മാരുടെ സിദ്ധാന്തം. അതു വെറും "സിദ്ധാന്ത"മാണെന്നാണ് തോന്നുന്നത്. മുട്ടയിൽ നിന്നേ ഈ ജീവി ജനിക്കയുള്ളുവെന്നു വെച്ചാൽ ഈ മഹാപാപി ഒരു ദിവസം എത്ര മുട്ടയിടണം എന്നാണ് ഞാൻ ആലോചിക്കുന്നത്! മനുഷ്യന്റെ വിയൎപ്പിൽനിന്നു മൂട്ടയെ പോലുള്ള ചോരകുടിയന്മാർ ജനിക്കുമെങ്കിൽ ശിവന്റെ മൂന്നാംകണ്ണിൽ നിന്നു ഭദ്രകാളി ജനിച്ചതിലെന്താണ് അത്ഭുതം! ഓരൊ മൂട്ടയും ഓരൊ ചെറിയ ഭദ്രകാളിയല്ലാതെ മറ്റെന്താണ്!!

ദുഷ്കൎമ്മങ്ങൾക്കെന്നപൊലെ മൂട്ടക്കും സൂൎയ്യപ്രകാശത്തെ കുറെ വിരോധമാണ്. ഇരുട്ടുള്ള സ്ഥലങ്ങളാണ് ഇഷ്ടം. മനുഷ്യൻ ഇരിക്കാനൊ കിടക്കാനൊ ഉപയോഗിക്കുന്ന സാധനങ്ങളാണ് തന്റെ വാസ

സ്ഥലം. അവയിൽ ഒളിച്ചുപാൎക്കത്തക്ക ഇടങ്ങളുണ്ടായിരിക്കണമെന്നതു് ആവശ്യമാണ്. വസ്ത്രങ്ങളുടെ ഉള്ളിലും ചിലപ്പോൾ കടന്നുകൂടികളയാറുണ്ട്. "അശുദ്ധം" ഭയപ്പെട്ട് എപ്പൊഴും വൃത്തികെട്ട വസ്ത്രങ്ങൾ ധരിക്കുന്ന ചില വിദ്വാന്മാരുണ്ടല്ലോ. കൂടക്കൂട അലക്കിയൊ തിരുമ്മിയൊ ശുദ്ധിവരുത്തേണ്ടുന്ന ആവശ്യമില്ലാതെ, കീഴ്ജാതിയെ തീണ്ടി പ്രവൃത്തി ചെയ്യേണ്ടുന്ന ആപ്പീസ്സിലൊ, കച്ചേരിയിലൊ, സ്കൂളിലൊ, പോകുമ്പോൾ മാത്രം ധരിക്കാൻ, പടിപ്പുരയിൽ സൂക്ഷിക്കാറുള്ള ചില കോട്ടുകളാണ് മൂട്ടയുടെ "ഹെഡ് ക്വാർട്ടേർ." ആ വഴിക്കാണ് കച്ചേരികളിലെ കസാരകളിലേക്ക് അവയെ ഇറക്കുമതി ചെയ്യുന്നതു്. അവിടെയാണ് സുലഭം. വലത്തുകൈ അധികം ഉപയോഗിക്കുന്നവൎക്ക് ആ കൈ അധികം പുഷ്ടിയുള്ളതായിരിക്കുമെന്നുള്ളതു് അനുഭവമാണെങ്കിലും കച്ചേരിയിലെ ഗുമസ്തന്മാരുടെ എടത്തുകൈയും വലത്തുകൈയും ഒരുപോലെ പുഷ്ടിയുണ്ടാകുന്നതിന്റെ രഹസ്യം മൂട്ടയോടു അന്വേഷിക്കണം. വലത്തുകൈകൊണ്ട് എഴുതിക്കൊണ്ടിരിക്കുമ്പോൾ എടത്തുകൈകൊണ്ടു ചൊറിഞ്ഞുകൊണ്ടിരിക്കയും വേണമല്ലൊ. മൂട്ടകളുടെ ഇടയിലും ചില സരസന്മാരുണ്ട്. അവയാണ് പരീക്ഷക്ക് എഴുതിക്കൊണ്ടിരിക്കുന്ന സ്കൂൾകുട്ടിയുടെ കോളറിന്റെ ഉള്ളിലൊ, വാഗ്വാദത്തിന്നു എഴുന്നേറ്റുനിന്ന വക്കീലിന്റെ തലപ്പാവിലൊ കടന്നുകൂടുന്നതു്. രണ്ടു കൂട്ടരും കടി സഹിച്ചുകൊണ്ടിരിക്കയല്ലാതെ തന്നെ കണ്ടുപിടിച്ചു കൊല്ലാൻ ശ്രമിക്കേണ്ടതിന്നു അവൎക്ക് തൽക്കാലം സമയമില്ലെന്നു മൂട്ട മനസ്സിലാക്കിയിരിക്കയാണെന്നു തോന്നും. വീടുകളിലെ ചുവരുകളിന്മേലും ചിത്രങ്ങളുടെ ഉള്ളിലും പുസ്തകങ്ങളിൽ പോലും ഇവയെ കാണാം. കോഴി, പ്രാവ് മുതലായവയുടെ കൂടുകളിലും മൂട്ടയുണ്ടാകും. അതു് പക്ഷെ ഒരു പ്രത്യേക ജാതിയാണെന്നാണ് ശാസ്ത്രജ്ഞന്മാർ പറയുന്നതു്. മൂട്ടവൎഗ്ഗത്തിൽ വെച്ച് ഏററവും അപരിഷ്കൃതനാണു പോൽ മനുഷ്യരെ ഉപദ്രവിക്കുന്ന ജാതി. അവക്ക് ഇറകില്ല. ശരീരം പരന്നിട്ടാണ്. മൂട്ടക്ക് രക്തം കിട്ടാത്തപ്പോൾ അവ ചെടികളുടെ നീർ കുടിച്ചു ജീവിക്കും. മത്സ്യമാംസങ്ങൾ കിട്ടാത്ത ദിക്കിൽ എല്ലാവരും ബ്രാഹ്മണരാവാമല്ലൊ. മൂട്ട വളരെ കാലം ഭക്ഷണമില്ലാതെ ഇരിക്കും. ജനവാസമില്ലാത്ത വീടുകളിലൊ, ഉപയോഗിക്കാതെ ഇട്ട വീട്ടുസാമാനങ്ങളിലൊ അവയെ കാണാം. അപ്പോൾ ശരീരം ഒട്ടി പരന്നു കണ്ണാടിപൊലെ ഒരു ഭാഗത്തു കൂടി നൊക്കിയാൽ മറുഭാഗം കാണത്തക്ക നിലയിലായിരിക്കും.

മൂട്ട മനുഷ്യരെ കടിക്കുമ്പോൾ ത്രിശൂലം പോലുള്ള അതിന്റെ തുമ്പിയെ മാംസത്തിനുള്ളിൽ കടത്തുന്നു. ഈ തുമ്പിയുടെ മൂന്നു ഭാഗങ്ങളും ഒന്നിച്ചു ചേൎന്ന ഒരു കുഴലായി തീൎന്നതിൽ കൂടി രക്തം വലിച്ചെടുക്കുകയും ഉമിനീർ പോലുള്ള ഒരു നീർ മനുഷ്യശരീരത്തിലേക്കു കടത്തുകയും ചെയ്യുന്നു. മൂട്ട കടിച്ചാൽ ചിലരുടെ ശരീരം തിണൎക്കും. ചിലൎക്കു ആ ബുദ്ധിമുട്ടുണ്ടാകയില്ല. അതു ഓരോരുത്തരുടെ ശരീരപ്രകൃതിപോലെയാണ്.

ഈ ജന്തുവിന്റെ മുട്ടകൾ പൂഴിത്തരിപോലെ വെളുത്തു ചെറിയവയായിരിക്കും. എട്ടുദിവസം കൊണ്ടു വിരിയും. മൂ

ന്നമാസം കൊണ്ടു് വളൎച്ച തികയും. ചെറിയ കുട്ടികൾ രക്തം കുടിച്ചു നിറഞ്ഞാൽ ചുകന്ന നല്ല പളുങ്കുമണിപോലെ ഇരിക്കും. ഒരു കൊല്ലം പലപ്രാവശ്യവും മുട്ടയിടും. ശൈത്യകാലത്തു് വളൎച്ചയും പെരുക്കവും കുറവാണു്. മഴക്കാലത്തു് നമുക്കു് മൂട്ടയെ കൊണ്ടു് അധികം ബുദ്ധിമുട്ടുണ്ടാകയില്ല.

മൂട്ട ചില രോഗങ്ങളെ വരുത്താൻ കാരണമാകുന്നു. പ്ലേഗ്, വസൂരി, വിഷജ്വരം, ക്ഷയം എന്നീ രോഗങ്ങൾക്കു പുറമെ, "കാലാഹസാർ" എന്ന ഒരു രോഗവും മൂട്ടകൾ വഴിയായി പരക്കുന്നുപോൽ! ക്ഷയരോഗമുള്ള ഒരു രോഗിയെ ഒരു മൂട്ട കടിക്കുകയും, രോഗബീജം രക്തത്തിൽക്കൂടി മൂട്ടയുടെ വയററിൽ പ്രവേശിക്കുകയും ചെയ്തുവെന്നിരിക്കട്ടെ. ആ മൂട്ട ഉടനെ വേറെ ഒരു മനുഷ്യനെ കടിച്ചാൽ ആ ബീജം ആ മനുഷ്യനിൽ വ്യാപിക്കും. എന്നാൽ ഈ ബീജം മൂട്ടയെത്തന്നെ ഉപദ്രവിക്കയില്ലത്രെ. അതുകൊണ്ടു് മൂട്ടയെ കഴിയുന്നത്ര നശിപ്പിക്കാൻ ശ്രമിക്കണം. വിടും വീട്ടുസാമാനങ്ങളും വസ്ത്രങ്ങളും വളരെ ശുദ്ധിയിൽ വെക്കുകയാണു് ഒന്നാമത്തു് വേണ്ടതു്. "അശുദ്ധ"കുപ്പായത്തെ സൂക്ഷിക്കണം. വീടുകളുടെ ചുവരുകൾ "വെള്ളവലിക്കു"ന്നതിന്നു പുറമെ മരസ്സാമാനങ്ങൾ പതക്കുന്ന വെള്ളം കൊണ്ടും മണ്ണെണ്ണകൊണ്ടും കഴുകണം. മണ്ണെണ്ണ മൂട്ടയുടെ മുട്ടകൾ നശിപ്പിക്കുമത്രെ.

ഒരു സമയോചിതം

(ആനപ്പുണ്യാകം)

നടന്നകഥ

വൈക്കത്തു മുന്നം ഗജസ്ഥൂലമുക്താവക്ഷത്തിൽ മിന്നും തിരുനീലകണ്ഠൻ
മുക്കണ്ണർ തൻ വാഹനമംഗലശ്രീ കൈക്കൊണ്ടു സൽകീൎത്തി കലൎന്നിരുന്നു. ൧

വ്യാഘ്രാലയേശന്നു വൃഷാധിരോഹം താൽക്കാലികശ്രീകൃതകാൎയ്യമൂലം
ഊക്കോളുമിദ്ദന്തിയെ അപ്പദത്തിലാക്കാൻ വിചാരിച്ചതു ഭംഗിതന്നെ ൨

കൈരാതമൂൎത്തിക്കെഴു മാധിപത്തിൻ സ്വൈരാകൃതിശ്രീയൊരു നോക്കുകണ്ടാൽ
നൈരാശ്യമേറി കുഴിയാനയേപ്പോലൈരാവതേഭം പുറകോട്ടുപോകും ൩

ഇപ്പാരതി* "മൂലയി"ലുൽഭവിച്ചും സാപ്പാടിനാനപ്പുണ്ണിയാശ്രയിച്ചും
മൂപ്പാന്ന ഗോവിന്ദനതെന്ന മൎത്ത്യൻ പാപ്പാനുമായ്വന്നു വിധിച്ചപോലേ ൪

---

* മൂലയിലെന്നാണു വീട്ടുപേർ.

സ്ഥൂലിച്ചിടാതുൾക്കടയത്നമെന്നും ശീലിച്ചുറച്ചുള്ള മുഴുത്തദേഹം
കാലിൻെറ മുട്ടോളമണഞ്ഞുരുണ്ടു ചേലിൽക്കിടക്കും ബലമുള്ള കൈകൾ ൫

വമ്പിൽ കുറക്കാതെ നരച്ചു വെള്ളിക്കമ്പിക്കു തുല്യം വിലസുന്ന രോമം
ചെമ്പിച്ചു കണ്ണാജ്ഞയാക്രമിക്കും മുമ്പിൽ പ്രഭാശസ്തഭുജാന്തരാളം ൬

അച്ഛാരുവാമുരവക്ഷികമാനപ്പിച്ചാത്തിതൻ വെള്ളി മലർപ്രകാശം
ഇച്ഛാധികാൽ തുമ്പുകൾ രണ്ടുമൊപ്പം വച്ചാദരാൽ മുട്ടു മറച്ച വസ്ത്രം ൭

പേരിന്നൊരൊററ ച്ചെറുകോലിഭത്തിൻ പേരിൽ പ്രമോദം പെരുകും സ്വഭാവം
ഭൂരിപ്രസന്നാനനമേവമെല്ലാം പാരിൽ പ്രസിദ്ധം കിഴവൻെറ വേഷം ൮

കരിക്കലീശോത്സവമുള്ള നാളുകൾക്കിതിൻ തേടുവതിന്നു വൃദ്ധൻ
വരിഷ്ഠനാം ദന്തിയിലേറി മന്ദം ചരിച്ചു തെക്കോട്ടു സമീപദിക്കിൽ ൯

പത്തിൽ കവിഞ്ഞു മണി സൂര്യ ചക്രവത്തിക്കു കയ്യൂക്കിനു കാലമായി!
ഹൃത്തിൽ പ്രമോദാൽ ചിലമ്പലത്തിലെത്തി ഗ്രാമം വിട്ടുടനുല്ലസിച്ചു ൰

കുറച്ചു തെക്കോട്ടു നടന്ന ശേഷം മുറക്കു കണ്ടാനഥ മേക്കു ഭാഗം
തറപ്രദേശം വയലിനകത്തായുറപ്പെഴും കൈതകൾ ചുററി നിൽപ്പും ൰൧

എടുത്തു കന്നിക്കൃഷിനിർജ്ജലത്വം കെട്ടനവപാടങ്ങളിലങ്ങു മിങ്ങും
കടപ്പുറവുള്ള ചെളിയിലെരുക്കനാട്ടുത്തടങ്ങൾ കാട്ടുന്നധികം തിരിന്നു ൰൨

ദിവാകരശ്രീകിരണപ്രഭാവോത്സവാൽ പ്രശോഭിച്ചു നിലത്തിലെല്ലാം
നവാങ്കുരം പൂണ്ട തൃണാന്തരങ്ങൾ വെൾവപ്പു നായ്പ്പുമടി പൊന്നുപോലെ ൰൩

കിളുത്തു പൂച്ചുലുകളൊടസംഖ്യം വെളുത്ത മൊട്ടുടയായുല്ലസിച്ചു
വെളുപ്പിൽ മന്ദാനിലനേററുമൂലം കുളുത്ത വല്ലിപ്പൊലിച്ചുതാപം ൰൪

വരാലുണങ്ങാകിടകും വിശേഷാദരാൽ വളുക്കളോടെ പട്ടി താനും
നിരാകുലം നീണ്ട തൃണങ്ങളും കൊണ്ടൊരാഭ നണ്ട തോം തന്നിൽ വേറേ ൰൫

ചുരപ്പടപ്പും ചെറു കുമ്പളത്തിൻ തിരപ്പു പ്പടിപ്പിച്ചു വാഴ്ച്ചും
പരപ്പെഴും മത്തയു മൊണ്ണുകേറി പ്പുറപ്പും കൂടിയ വീടുമുണ്ട് ൰൬

പാടത്തിറങ്ങിപ്പുലയൻ വസിക്കും മാടത്തിലേ വഴിക്കു തന്നെ
കേടല്ലമെന്ന്യേ കരിയൊത്തു ഭോജ്യാവേടപ്രിയൻ വൃദ്ധനടുത്തു മെല്ലെ ൰൭

തീണ്ടാത്ത ദൂരത്തിനു ചെന്നു ചോദ്യം വേണ്ടാത്തതാണെന്നു നിനച്ചു മൂപ്പൻ
നീണ്ടാത്ത കൈതച്ചുടി ലക്ഷ്യമാക്കി വേണ്ടാസനത്തിന്നൊരു കാലുകാട്ടി ൰൮

ചെന്തീസ്സമം സൂര്യകരങ്ങളോടു ചെന്തീപ്പുമററുള്ളൊരു കൈതയെപ്പോം
തൻതീററയാക്കാൻ തരസാചരിച്ചാൻ ദന്തീശപാർ ഹന്ത! കരിമ്പുപോലേ ൰൯

പടുത്തമാടൊട്ടു തകൻ നീളം പെടനൃണങ്ങൾ കളവായി നാശം
പൊടുന്നനെക്കണ്ടിവ*പൂവനപ്പോടുന്നൽപോൽ ചീറിയണഞ്ഞുശീഘ്രം ൨൰

---

* പൂവൻ പുലയൻ.

ഉലക്കയേന്തിച്ചില കൂട്ടരും ചേൎന്നലക്ഷ്യമായ് ചീത്ത പറഞ്ഞുവല്ലോൻ
വിലക്കിനാൻ വിക്രമി വൃദ്ധനേതൽക്കുല ദീപത്തിൻ ക്രിയയോടുകൂടി ൨൧

നയത്താലാക്കൈതെ പറിക്കയാലും പ്രിയപ്പെട്ടും പുല്ലു നശിക്കയാലും
ഭയപ്പെട്ടാതാപ്പുല വള്ളുവൻ ധീമയക്കമെന്യേ ചിതറിത്തുടങ്ങി ൨൨

അടിക്കുവാനും മടിയില്ലവൎക്കാത്തടിക്കു കെൽപ്പും കുറയുന്നതല്ല
ചൊടിച്ചു നിൽക്കുന്നിതു കൂട്ടർ പൈത്യം പിടിച്ചവൎക്കെന്തിനു കൂസലുള്ളൂ ൨൩

പണ്ടാരിലും നിന്നൊരു ചീത്തവാക്യം കൊണ്ടാവിധം പൂജകളേററിടാത്തോൻ
ഉണ്ടായൊരിജ്ജാള്യതയോൎത്തുമാമൻ തിണ്ടാടിയെന്നേ പറയേണ്ടതുള്ളൂ ൨൪

ചെയ്യാവതെന്താണിവിടെക്കടന്നു കയ്യാകുമാനക്കളികാട്ടിയെങ്കിൽ
മെയ്യാലൊഴിക്കുന്നൊരു ഭാവമേതുമീയ്യാളുകൾക്കില്ല വിചാരമില്ല ൨൫

പറിച്ച കൈതച്ചെടി കൊണ്ടുപോയാൽ തെറിച്ചകൂട്ടം ലഹളക്കൊരുങ്ങും
മറിച്ചുചെയ്താലഭിമാനദൂഷ്യം കുറിക്കുമിന്നീക്കിഴവന്നു ലോകം ൨൬

കരിപ്രവീരോപരിവാണിവണ്ണം പരിഭ്രമം പൂണ്ടുനിനച്ചു മൂപ്പൻ
അരിപ്രവേശോത്ഭവബാധ നീക്കാൻ ശരിക്കു കണ്ടാനൊരു നല്ല സൂത്രം ൨൭

അടുത്തുനിൽക്കും പുലയപ്രതാപം കെടുത്തിവിഭ്രാന്തിയവൎക്കുദിപ്പാൻ
ചൊടിപ്പുകൂട്ടും കിഴവൻ സ്വവിയ്യപ്പടുത്വമോടിത്തരമുച്ചരിച്ചു:— ൨൮

"ഇരുമ്പുപൂണൂല ധരിച്ച ദേവക്കോരിമ്പമേറുന്ന മഹാഗജത്തെ
തരിമ്പുപോലും ഭയമററുതീണ്ടിപ്പെരുമ്പിഴക്കർഹരുമായി നിങ്ങൾ ൨൯

സ്വക്കാർഗജത്തിന്നൊരു ശുദ്ധിചെയ്തതോൎക്കാതെയോ? പാപികൾ തന്നെ നിങ്ങൾ
തീൎക്കാൻ പ്രയാസം പിഴ, തമ്പുരാൻെറ നേൎക്കാണു കാണിച്ചതു ദുഷ്ടകൃത്യം ൩൰

ഒരംശ്യാനവേ ക്ഷേത്രമതിൽക്കടത്താനീയ്യാളുകൾക്കെന്നിഹ സാദ്ധ്യമാകും
തീയ്യാഗ്രഹിക്കുന്നൊരു പാററപോലീ വയ്യാത്ത കൎമ്മം ഖലർ നിങ്ങൾ ചെയ്തു ൩൧

ദയക്കു പാൎത്താൽ വകയെന്തു ഞാൻ വിട്ടയ്ക്കുമോ? നിങ്ങളെ മങ്ങലെന്യേ
പ്രയത്നമൊന്നും തുടരേണ്ട നീച ക്രിയക്കു നിങ്ങൾക്കു ഫലം ലഭിക്കും" ൩൨

ഏവം വഴിക്കും കിഴവൻെറ വാക്യമാവമ്പൊഴും നീചകുലങ്ങൾ കേട്ടു
"പൂവൻ"പരം ഭീതി കലൎന്നു തന്നുൾപ്പൂവമ്പന്നാധി കലൎന്നു ചൊല്ലി:— ൩൩

"എൻതമ്പുരാനുള്ള കനിഞ്ഞു ഞങ്ങൾക്കെന്തെങ്കിലും രക്ഷകൾ നൽകിടേണം
അന്തമ്പിഴച്ചീപ്പുലയൎക്കു വന്നോരന്തപ്പികാരങ്ങളൊഴിച്ചീടേണം ൩൪

ആനക്കു ശുദ്ധിക്കടിയങ്ങൾ ശക്തിക്കുനപ്പെടാതുള്ളതു കെട്ടിവക്കാം
സ്ഥാനത്തിനുണ്ടാം ചിലവും കൊടുക്കാം മാനത്തിലേതും മഷി കേററിടല്ലേ" ൩൫

വണ്ണപ്രശംസനാം കിഴവനക്കഥകേട്ടൊ "രാനപ്പുന്ന്യാക" മന്നു പുതുതായി നടപ്പിലാക്കി
തണ്ണീർജപത്തിനു മുറക്കൊരുനൂറു ചക്രമെണ്ണിപ്പൊതിഞ്ഞവർ കൊടുത്തതു കൈക്കലാക്കി
ഒരംമെട്ടിലത്ഭുതമനോഹരയുക്തികൊണ്ടാമാമൻെറ കാൽപ്പിഴ കളഞ്ഞു തെളിഞ്ഞു ചിത്തം
സാമൎത്ഥ്യമുള്ള കരിയൊത്തു വരിച്ചകൈതസ്തൊങ്ങളോടുമവിടുന്നു തിരിച്ചു പോന്നു. ൩൬

വൈക്കം. —സി. എൻ. രാമൻപിള്ള.

പൂൎവ്വികന്മാരും സംസ്കൃതഭാഷയുടെ തൽക്കാലികാവസ്ഥയും.

ഹിമവാൻ പൎവ്വതത്തിന്റെ വടക്കുഭാഗത്തുള്ള രാജ്യങ്ങളിൽനിന്നാണ് ആൎയ്യന്മാർ ഇന്ത്യയിൽ വന്നിട്ടുള്ളതെന്നു ചരിത്രത്തിൽനിന്നു നാം വിശദമായി അറിയുന്നുണ്ടല്ലൊ. മഹാരാഷ്ട്രന്മാർ, രജപുത്രന്മാർ, സിംഹികന്മാർ എന്നീക്കൂട്ടരുടെ പൂൎവ്വികന്മാരായ ആൎയ്യന്മാർ ഇന്ത്യയിൽ വന്നകാലം അവർ സംസാരിച്ചിരുന്ന ഭാഷ സംസ്കൃതമായിരുന്നു. യൂറോപ്യന്മാൎക്കു ലാററിൻ, ഗ്രീക്ക് എന്നീ ഭാഷകൾ ഏതു പ്രകാരമൊ അതേപ്രകാരത്തിലാണു നമുക്ക് സംസ്കൃതഭാഷ. യൂറോപ്യരുടെ ഇടയിൽ പണ്ഡിതൻ എന്നൊരു പെർ ലഭിക്കേണമെങ്കിൽ ഗ്രീക്ക്ഭാഷയിലും ലാററിൻഭാഷയിലും അതിയായ വൈദുഷ്യം സമ്പാദിക്കണം. സംസ്കൃതത്തിലും പാടവം സിദ്ധിച്ചവലിയ പണ്ഡിതൻ എന്ന പേരിന്നൎഹനാകയുള്ളു. നോക്കുക, അന്നത്തെ സംസ്കൃതഭാഷയുടെ പ്രചാരവും പ്രാബല്യവും!

വിവിധതയിലൊ വിശാലതയിലോ മറെറാന്നിനോടും താഴാത്തതായ ഇന്ത്യയിലെ പാവനസാഹിത്യം ആശയങ്ങളുടെ മാഹാത്മ്യംകൊണ്ടും ശക്തിയുടെ പരിശുദ്ധത്വംകൊണ്ടും ജ്ഞാനത്തിന്റെ പടപ്പുകൊണ്ടും മറെറല്ലാററിന്നും ഉപരിതനമാകുന്നു. ഭംഗിയിലൊ മഹത്വത്തിലൊ പ്രാചീനമൊ അൎവ്വാചീനമൊ ആയ മററ് ഏതു സാഹിത്യത്തിനൊടും അതിന്നു കിടപിടിക്കാം. ചരിത്രത്തിന്റെ ആവിൎഭാവം മുതല്ക്കു തന്നെ സ്ഥിരമായ ഭാഷാപോഷണത്തിന്നു അസംഖ്യം പ്രതിബന്ധങ്ങൾ നെരിട്ടുവെങ്കിലും ആന്തരങ്ങളും ബാഹ്യങ്ങളുമായ അനേകം കുഴപ്പങ്ങളൊടു ഇന്ത്യക്ക് എതിരിടേണ്ടിവന്നുവെങ്കിലും തന്റെ പ്രാചീനമായ സാഹിത്യപടത്തെ ഒരുകാലത്തും വാട്ടംതട്ടാത്തവിധം ലോകത്തിൽ നിലനിൎത്തുകയാൽ ഇന്നും ആ സാഹിത്യപടം അപൂൎണ്ണമാണെങ്കിലും ഭൂമണ്ഡലത്തിലുള്ള ഏതു രാജ്യക്കാരുടെ സാഹിത്യത്തിനോടും തുല്യമായിരിക്കുന്നു. ഇദാനീന്തനന്മാരായ പണ്ഡിതന്മാരുടെ അതിസൂക്ഷ്മങ്ങളായ അന്വേഷണങ്ങൾ കൂടി ഇന്ത്യാസാഹിത്യത്തിന്റെ തമച്ഛന്നങ്ങളായ പ്രദേശങ്ങളെ പ്രകാശിപ്പിച്ചിട്ടില്ല. ഇന്ത്യയുടെ നാഗരികത്വം ഇന്നും അജ്ഞാനത്തിൽതന്നെ കിടക്കുന്നു. പ്രാചീനലോകത്തിലെ മറേറതുഭാഷയെ അപേക്ഷിച്ചും സംസ്കൃതത്തിന്റെ പ്രാചീനതക്ക് നിൎവ്വിവാദമായ പൂൎവ്വത്വം സിദ്ധിച്ചിരിക്കുന്നു. രേഖാമൂലമായ റിക്കാർട്ടുകളുള്ള സാഹിത്യങ്ങളിൽ വെച്ച് ഇന്ത്യാസാഹിത്യമാണ് ഏററവും പ്രാചീനം. കാരണം, ജ്യോതിശ്ശാസ്ത്രസംബന്ധമായ തെളിവുകൾ നോക്കുന്നതായാൽ വേ

ദങ്ങളുടെ ഉൽപത്തി ബി. സി. ആറായിരത്തി നാനൂറിലാണ്. അക്കാലംമുതൽക്കു തന്നെ സാഹിത്യത്തിന്നക്രമികമായ അഭ്യുദയമുണ്ടായി. നമ്മുടെ പൂൎവ്വികന്മാർ ഭാഷാശാസ്ത്രത്തിലായിരുന്നു അധികമായി പരിശ്രമിച്ചിട്ടുള്ളത്. അവൎക്ക് ആദ്യമെ വ്യാകരണം നിൎമ്മിക്കുവാൻ സാധിച്ചു. നാം വ്യാകരണത്തിൻെറ ആദ്യതത്വങ്ങൾ കാണുന്നത് യാസ്കൻെറ നിരുക്തിയിലാണല്ലൊ. വേദാദ്ധ്യയനം ശരിയായി നിറവേറ്റണമെങ്കിൽ നിരുക്തിയുടെ ഒഴിച്ചുകൂടാത്ത സഹായം വേണം. അതുനിമിത്തം അതു വേദാംഗങ്ങളിൽ ഒന്നാണ്. വേദാദ്ധ്യയനത്തിന് വ്യാകരണത്തിൻെറ ആവിശ്യകത നേരിട്ടത് വേദങ്ങളുടെ സൂക്ഷ്മാൎത്ഥങ്ങൾ സാധാരണന്മാൎക്കു വെളിപ്പെടായ്കയാലായിരുന്നു. ധാതുനിൎണ്ണയം, പദനിൎമ്മാണം, മുതലായി അനേകം സംഗതികൾ പ്രതിപാദിച്ചു ഒരു വ്യാകരണഗ്രന്ഥം പാണിനിമഹൎഷിയാൽ രചിക്കപ്പെട്ടു. ഇദ്ദേഹത്തിൻെറ ജീവിതകാലം ബി. സി. നാലാം നൂറ്റാണ്ടാണെന്നു പാശ്ചാത്യപണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ഹിന്ദുക്കളുടെ പാണിനീയമാണ് മറെറല്ലാ രാജ്യക്കാരുടെ വ്യാകരണഗ്രന്ഥങ്ങളെക്കാൾ ഒരു പടി പൊന്തിനില്ക്കുന്നതെന്ന് ഒരുവിധം തൎക്കമററ സംഗതിതന്നെ. വൈദ്യശാസ്ത്രപരിചയത്തിലും ഇവർ മുമ്പ് മിടുക്കന്മാരായിരുന്നുവെന്നു സുശ്രുതം, ചരകം, അഷ്ടാംഗഹൃദയം, മുതലായ ഗ്രന്ഥങ്ങൾ നോക്കിയാൽ നമുക്കു നിസ്സംശയം തീരുമാനിക്കാം. പദ്യങ്ങൾ നാടകങ്ങൾ മുതലായവ നോക്കിയാലുംഹിന്ദുക്കൾ മോശക്കാരല്ലായിരുന്നുവെന്നതിലെക്ക് രാമായണം മഹാഭാരതം മുതലായവ തെളിവുകളായി സ്ഥിതിചെയ്യുന്നുണ്ട്. ഇങ്ങിനെ സൎവ്വോത്തമവും സൎവ്വസമ്മതവുമായ വ്യാകരണത്തിൻെറ ആവിൎഭാവത്താലും ശാസ്ത്രങ്ങളുടെ ആധിക്യത്താലും ഭാഷാവല്ലരി ശാഖൊപശാഖകളോടുകൂടി വളരുവാൻ തുടങ്ങി. ബി. സി. മൂന്നാംനൂററാണ്ടിലായപ്പോഴെക്കും വിവിധഭാഷകൾ ഉളവായി. വിഷയത്തിന്ന് കാഠിന്യമേറിയ പാണിനീയവ്യാകരണത്തിൻെറ തത്വം സാധാരണന്മാൎക്കു ദുൎഗ്രഹമായി തീൎന്നുതുടങ്ങി. തന്നിമിത്തം വ്യാകരണനിയമങ്ങളെല്ലാം ലംഘിച്ച് ഉപയോഗിച്ചുവന്നിരുന്ന ഭാഷ വികൃതമായിരുന്നു. പഠിപ്പുള്ളവരുടെ ഭാഷ വ്യാകരണനിയമാനുസാരേണ ഉപയോഗിക്കപ്പെട്ടതുകൊണ്ടു അതിൻെറ പ്രവാഹം മറെറാരു വഴിക്കായി. പ്രാകൃതന്മാരുടെ ഭാഷക്കും അതിന്നും തമ്മിൽ ഗണ്യമായ ഭേദവും നേരിട്ടു. ഇങ്ങിനെയത്രെ പ്രാകൃതോല്പത്തി. ബി. സി. മൂന്നാം നൂററാണ്ടിൽ വിവിധങ്ങളായ പ്രാകൃതഭേദങ്ങൾ നാട്ടുഭാഷകളായി തീൎന്നുവെന്ന് അശോകൻെറ ശിലാരേഖകളിൽനിന്നു വ്യക്തമാകുന്നുണ്ട്. പഠിപ്പുള്ളവരുടെ ഭാഷ വേർതിരിഞ്ഞുവെന്ന് മുമ്പു പ്രസ്താവിച്ചുവല്ലൊ. ആ ഭാഷയുടെ അഭ്യുദയവും ക്രമത്തിൽ വൎദ്ധിച്ചുതന്നെ വന്നു. പുരാണം ഇതിഹാസം മുതലായ ഗ്രന്ഥങ്ങളുടെ അവതാരവും തുടങ്ങി. അതോടുകൂടി വേദകാലഭാഷയെക്കാൾ പുരാണഭാഷക്കു വളരെ പരിഷ്കാരം കൂടിവന്നു. പിന്നെ കാവ്യങ്ങളാണു ഭാഷയെ പരിഷ്കരിച്ചത്. ആൎയ്യന്മാർ കാവ്യശാസ്ത്രങ്ങൾ അന്യഭാഷക്കാരൊടു പഠിച്ചിട്ടില്ല. ലോകത്തിൽ നടക്കുന്ന തത്വങ്ങളെ

സശ്രദ്ധം കണ്ടു മനസ്സിലാക്കി തങ്ങൾതന്നെ കാവ്യങ്ങൾ നിർമ്മിക്കുകയാണു ചെയ്തിട്ടുള്ളത്. കാവ്യകാലത്തെ ഭാഷാഭ്യുദയം ഇതരകാലത്തിലുണ്ടായതിനെ അപേക്ഷിച്ച് പ്രത്യേകം സ്മരണീയമാണ്. ഇങ്ങിനെയുള്ള വൈശിഷ്ട്യത്തിന്നു കാരണം കാളിദാസൻ ഭവഭൂതി മുതലായ കവിപുംഗവന്മാരുടെ അവതാരമാണെന്നുള്ള വാസ്തവവും ഇവിടെ പ്രത്യേകം പ്രസ്താവയോഗ്യമാണ്.

ഇങ്ങിനെയെല്ലാം അന്തസ്സിലും പ്രചാരത്തിലും വളരെ പ്രബലതയോടുകൂടെ വന്നിരുന്ന സംസ്കൃതഭാഷ ഇപ്പോൾ കുറെ ശോച്യാവസ്ഥയിലെത്തി കഴിഞ്ഞ കഥയോർക്കുമ്പോൾ ഏതൊരുവൻെറ ഹൃദയമാണു പൊട്ടിത്തകർന്നു ഛിന്നഭിന്നമാകാതിരിക്കുക! ആംഗ്ലഭാഷയായ യോഷസ്സു ഭാരതഖണ്ഡത്തിൽ ആധിപത്യം കിട്ടിയതോടുകൂടെ സംസ്കൃതഭാഷയാകുന്ന അബലയുടെ ശക്തിയും ക്രമേണ ക്ഷയിച്ചുതുടങ്ങി. 'അലംഘനീയാ കമലാസനാജ്ഞാ' എന്നല്ലാതെ ഞാൻ മറ്റെന്തു പറയട്ടെ. ഇപ്പോൾ പൂർവ്വികന്മാരാൽ ഉണ്ടാക്കപ്പെട്ട ഗ്രന്ഥങ്ങളൊ കെട്ടുകെട്ടായി കിടക്കുന്നു. ഇതുകൾ അച്ചടിപ്പാനുള്ള പ്രസ്സുകളും ലോകത്തിൽ അതിധാരാളം. അച്ചുക്കൂടപ്രവർത്തകന്മാർക്ക് പകർപ്പവകാശം കിട്ടേണ്ടുന്ന താമസമേ അച്ചടിപ്പാനുള്ളൂ. ആംഗ്ലഭാഷക്കു വരുന്ന അഭിവൃദ്ധി സംസ്കൃതഭാഷക്ക് വരുമെന്ന മോഹിക്കേണ്ടുന്ന കാലം നമ്മൾക്ക് പോയി കഴിഞ്ഞു. കുറച്ചുകാലമായി അവിടവിടം ചില സംസ്കൃതസ്കൂളുകൾ ചില മഹാശയരുടെ അശ്രാന്തപരിശ്രമത്തിൻെറ ഫലമായി സ്ഥിതിചെയ്യുന്നില്ലെന്ന് ഞാൻ പറയുന്നില്ല. പഠിക്കുന്നവരില്ലെന്നും പ്രസ്താവിക്കാതെയിരിപ്പാൻ നിർവ്വാഹമില്ല. പക്ഷെ വിദ്യാർത്ഥികളുടെ സംഖ്യ കേൾക്കുമ്പോൾ നെററിചുളിക്കേണ്ടി വരുന്നു. പിന്നെ ഒന്നുള്ളതു ഓരോരുത്തരുടെ ഗൃഹങ്ങളിൽ ഇരുന്ന് പഠിക്കുന്നുവെന്നാണ്. അതിക്കാലത്ത് നൂറിൽ ഒന്ന് കണ്ടാൽ ഭാഗ്യം. വിശിഷ്യ രഘുവംശംവരെയായാലതിഭാഗ്യം. അപ്പോഴേക്കും അതുവരെ പഠിപ്പിച്ചിരുന്ന ഉപാദ്ധ്യായന്ന് മേൽപാഠം പഠിപ്പിപ്പാൻ വൈദഗ്ദ്ധ്യമില്ലാഞ്ഞൊ തങ്ങൾക്ക് വ്യുല്പത്തിയായി എന്ന് മനസ്സിൽ പരമബോദ്ധ്യം വന്നൊ എന്തൊ പഠിപ്പു മതിയാക്കി. ആ വിദ്യാർത്ഥിയുടെ സംസ്കൃതഭാഷാലാളനം ഇത്രമാത്രം. എങ്ങിനെയായാലും സംസ്കൃതഭാഷക്ക് ദുർല്ലഭം ചില മഹാശയർ ജീവനോടുകൂടെ ഇരിക്കുകയാൽ വൈധവ്യം വരികകഴിഞ്ഞിട്ടില്ലന്ന് പറയാം. മലയാളപത്രങ്ങളും മാസികകളും നാടാസകലം നിറഞ്ഞിരിക്കുന്ന ഇക്കാലത്ത് സംസ്കൃതപത്രങ്ങൾ രണ്ടുമൂന്നെണ്ണമെങ്കിലും ഉപായത്തിൽ ഇവരുടെയിടയിൽ കിടന്ന് കളിക്കുന്നുണ്ടെന്നത് ഒരുവിധം ചാരിതാർത്ഥ്യജനകം തന്നെ. സംസ്കൃതഭാഷക്ക് പ്രചാരവും പ്രാബല്യവും വന്നാൽ ഇംഗ്ലീഷഭാഷയിലുള്ള ഗ്രന്ഥങ്ങളുടെ ഏതാനും ആശയങ്ങൾ സംസ്കൃതഭാഷയിലെക്ക് കൊണ്ടുവരുവാൻ സാധിക്കുന്നതാണ്. ഇക്കാലത്ത് സംസ്കൃതം പഠിക്കുന്ന വിദ്യാർത്ഥി എന്ന് കേൾക്കുമ്പോൾ തന്നെ ജനങ്ങൾക്ക് ഒരു വിലയില്ലായ്മതോന്നുന്നു. സംസ്കൃതത്തിൽ സംസാരിക്കുക എന്ന കച്ചോടം തീരെ നാമാവശേഷമായിപ്പോയി എന്നു തന്നെ പറയാം. ഇങ്ങിനെ ഓരോന്നോരോന്നാ

യി എടുത്തു നോക്കിയാൽ സംസ്കൃത ഭാഷക്ക് പണ്ടത്തെക്കാൾ ഏറക്കുറെ ഉടവു തട്ടീട്ടുണ്ടെന്ന് നിസ്സംശയം പറയാം. മലയാള പത്രങ്ങളും മാസികകളും ഇക്കാലത്ത കുറെ അധികമായിപ്പോയെന്ന് ഒരു ആക്ഷേപം ചിലരുടെ ഇടയിൽ കുറച്ചുദിവസമായി കിടന്നു കളിക്കുന്നുണ്ടെങ്കിലും സംസ്കൃതപത്രങ്ങളോ സംസ്കൃതസ്കൂളുകളോ നമുക്കാവശ്യമുള്ളേടത്തോളമായെന്ന് ആരും അഭിപ്രായപ്പെട്ടമെന്ന് തോന്നുന്നില്ല. ഒരു ഭാഷ വളരെ പ്രചാരതയോടുകൂടെ അഭിവൃദ്ധിയിൽ വരേണമെങ്കിൽ സ്കൂൾ സ്ഥാപനം, സംഭാഷണം, പത്രപ്രവൎത്തനം, മുതലായവ അത്യന്താപേക്ഷിതമാണ്. സംസ്കൃതസ്കൂൾ അവിടവിടം അനവധി സ്ഥാപിക്കുക, സംസ്കൃതപത്രങ്ങൾ ആധുനികമലയാളപത്രങ്ങളെപ്പോലെ ഉണ്ടാവുക, വിദ്യാൎത്ഥികൾ അവശ്യം സംസ്കൃതഭാഷയിലേ സംസാരിക്കാവു എന്നു ഒരു വലിയ നിർബന്ധം പാസ്സാക്കുക, ആംഗളഭാഷാവിദ്യാൎത്ഥികളും സംസ്കൃതം തീൎച്ചയായും പഠിക്കേണമെന്ന് തീൎച്ചപ്പെടുത്തുക— മുതലായവ ചെയ്താൽ അടുത്ത കാലത്ത്തന്നെ സംസ്കൃതഭാഷ ഒരു നല്ല നിലയിലെത്തുമെന്നു പറയുന്നതിൽ പ്രതികൂലാഭിപ്രായമുണ്ടാവാൻ തരമില്ല. എങ്ങിനെയായാലും സംസ്കൃതഭാഷക്ക് താമസിക്കാതെ ഒട്ടുവളരെ അഭ്യുന്നതി വരേണമെന്നേ എനിക്കു ആഗ്രഹമുള്ളൂ. ഇടമുറിയാതെ മാന്യരുടെ അക്ഷീണപരിശ്രമമുണ്ടായാൽ സംസ്കൃതഭാഷ ഉന്നതപദവിയിലെത്തേണമെന്നാഗ്രഹിക്കുന്ന മാദൃശന്മാരായ ജനങ്ങൾ കുണ്ടിൽ ചാടി മഞ്ഞളിക്കയില്ലെന്നു പറഞ്ഞു ഉപന്യാസം ഉപസംഹരിക്കുന്നു.

—അച്ചുതത്ത് വാസുദേവൻ മൂസ്സത്.

പോഷിണീഭാഷണം.

“പോഷിണി”ക്ക് ആറു വയസ്സു കഴിഞ്ഞു ഏഴാമത്തെ വയസ്സു തുടങ്ങുന്ന ഈ അവസരത്തിൽ അതിന്റെ അഭിവൃദ്ധിക്കായി സഹായിച്ച എല്ലാ മാന്യന്മാൎക്കും ഹൃദയപൂൎവ്വമായ വന്ദനം പറകയും അതിന്നു ഇനിയും വേണ്ടുന്ന സഹായം ചെയ്തു അനുഗ്രഹിക്കേണമെന്നു അപേക്ഷിക്കുകയും ചെയ്യുന്നു. യുദ്ധംനിമിത്തം അച്ചടികടലാസ്സിന്നും മറ്റും വിലവൎദ്ധിക്കയാൽ ഉണ്ടായിട്ടുള്ള പ്രതിബന്ധങ്ങൾ നിമിത്തം പുതുവൎഷത്തോടുകൂടി ഇതിന്നു പറയത്തക്ക പരിഷ്കാരങ്ങൾ വരുത്താൻ സാധിച്ചിട്ടില്ല. എതായാലും ലോകത്തിൽ നാനാഭാഗത്തുമുള്ള പത്രങ്ങൾക്ക് ഈ അവസരത്തിൽ വലുതായ ബുദ്ധിമുട്ടുകൾ നേരിടുകയും ചില പ്രസിദ്ധ പത്രങ്ങൾ പോലും നിൎത്തിക്കളകയും ചെയ്യേണ്ടതായി വന്നതാലോചിക്കുമ്പോൾ “പോഷിണി”യെ ഈ നിലയിലെങ്കിലും നടത്തിക്കൊണ്ടുപോരാൻ സാധിക്കുന്നതിനെപ്പററി ഞങ്ങൾക്കു കൃതാൎത്ഥ

തയാണുള്ളത്. ഇന്ത്യയിൽ തന്നെ ഈ അവസരത്തിൽ ൨൦൦ പത്രങ്ങൾ നിന്നുപോയിട്ടുണ്ടത്രെ!

* * * * * *

ഇന്ത്യാരാജ്യത്തിന്റെ ഭാവിശ്രേയസ്സിനെ ഉദ്ദേശിച്ച് ഹൃദയപൂർവ്വം പ്രയത്നിച്ച ദുർല്ലഭം ചില പൌരന്മാരിൽ പ്രഥമഗണനീയരിൽ ഒരാളായിരുന്നു ഇതിനെടെ കാലധർമ്മം പ്രാപിച്ച ശ്രീമാൻ ജി. സുബ്രഹ്മണ്യഅയ്യർ. പി. എം. മെത്ത, ഗോഖലെ, സുരേന്ദ്രനാഥബാനർജി, മുതലായ പേരുകൾ നമ്മുടെ ചെറുപ്പക്കാർ നിത്യം കേട്ടുകൊണ്ടിരിക്കുന്നുണ്ടെങ്കിലും ജി. സുബ്രഹ്മണ്യഅയ്യരുടെ പേർ അധികം കേട്ടിരിക്കാൻ സംഗതിയില്ല. അദ്ദേഹം ഒരുകാലത്തു ഇവരെ ഒക്കെ അതിശയിക്കത്തക്ക വിധത്തിൽ രാജ്യഭരണവിഷയത്തിലും സാമുദായികവിഷയത്തിലും ഇറങ്ങി പ്രവൃത്തിച്ചു വലിയ കാര്യങ്ങൾ സാധിച്ച ശേഷം ശാന്തമായ അഗ്നിപർവ്വതം പോലെ അടങ്ങിയിരിക്കേണ്ടിവന്നു. കുറെ കൊല്ലങ്ങൾക്ക് മുമ്പ് അദ്ദേഹത്തെ ബാധിച്ച മഹാരോഗമായിരുന്നു ഇതിന്നു കാരണം. എന്നിട്ടും വെളിക്കിറങ്ങി പ്രവൃത്തിച്ചിരുന്നില്ലെന്നല്ലാതെ, കെവലം സ്വസ്ഥനായിരുന്നില്ല. തമിഴ്ഭാഷയിൽ "സ്വദേശമിത്രൻ" എന്നു പേരായ ദിനപത്രത്തിന്റെ അധിപരുടെ നിലയിൽ കഴിഞ്ഞ ൫൦ കൊല്ലം, സുബ്രഹ്മണ്യഅയ്യർ മാതൃരാജ്യത്തിനും മാതൃഭാഷക്കും വേണ്ടി പലതും പ്രവൃത്തിച്ചുപോന്നു. മദിരാശിയിൽ നാട്ടുകാരുടെ വകയായി യോഗ്യതയിൽ നടന്നപ്പെട്ട ഒരു ഇംഗ്ലീഷുപത്രം സ്ഥാപിച്ചതും അതിനെ ക്രമേണ ഒരു ദിനപത്രമാക്കി ഇന്ത്യയിലെ പ്രധാനപത്രങ്ങളിൽ മുഖ്യമായ ഒന്നാക്കിതീർത്തതും അദ്ദേഹമായിരുന്നു. "ഹിന്തു"പത്രത്തിന്റെ സ്ഥാപകൻ എന്നുള്ളത് മാത്രം മതി സുബ്രഹ്മണ്യഅയ്യരെ അനശ്വരകീർത്തിമാനാക്കാൻ. സ്വഭാഷയിൽ ഒരു ദിനപത്രം നടത്തി പ്രചുരപ്പെടുത്തുകയെന്നു പറഞ്ഞാൽ എന്താണെന്ന് കേരളത്തിലെ പത്രപ്രവർത്തകന്മാരോടു ചോദിച്ചാൽ മതി. പ്രതിവാരപത്രങ്ങളും പ്രത്യർദ്ധവാരപത്രങ്ങളും പേറി ബുദ്ധിമുട്ടി വലഞ്ഞു കഴിഞ്ഞു സങ്കടപ്പെടുന്ന നമ്മുടെ പത്രപ്രവർത്തകന്മാർ, അതു തമിഴാണ്, ഇതു മലയാളമാണ്, എന്ന വ്യത്യാസമുണ്ടെന്നു സമാധാനിക്കുമെങ്കിലും, ഉയർന്നതരം വിദ്യാഭ്യാസം ലഭിച്ചതിന്നു ശേഷം സർക്കാരുദ്യോഗത്തിൽ ഭ്രമിക്കാതെ മാതൃരാജ്യത്തിന്റെ അഭിവൃദ്ധിക്കായി പൂർണ്ണമനസ്സുള്ള ഒരാൾ സുബ്രഹ്മണ്യഅയ്യർക്ക് തുല്യനായി കേരളത്തിൽ ഉണ്ടായാൽ ഇവിടെ യഥാർത്ഥമായ ഒരു സ്വദേശമിത്രന്ന് സൈ്വരമായി ജീവിക്കാൻ എല്ലാ സൌകര്യങ്ങളും ഉള്ളതായി കാണുമെന്നതിന്ന് സംശയമില്ല. സുബ്രഹ്മണ്യഅയ്യർ സ്വഭാഷാപത്രങ്ങളുടെ ഒരു മാതൃക കാണിച്ചതരികയാണ് ചെയ്തിട്ടുള്ളത്.

* * * * * *

ആചാരപരിഷ്കരണകാര്യത്തിൽ സുബ്രഹ്മണ്യഅയ്യർക്ക് ഒരു നിശ്ചിതമായ അഭിപ്രായം ഉണ്ടായിരുന്നു. അദ്ദേഹം വെറും പ്രസംഗങ്ങൾ ചെയ്തുകൊണ്ടും പ്രബന്ധങ്ങൾ പരസ്യം ചെയ്തുകൊണ്ടും തൃപ്തിപ്പെട്ടില്ല. വിധവാവിവാഹത്തിന്ന് അദ്ദേഹം അനുകൂലമായി അഭിപ്രായപ്പെട്ടു; സ്വന്തം പുത്രി വിധവയായപ്പോൾ മറെറാരാൾക്ക് വിവാഹം ചെയ്തുകൊടുക്കുകയും

ചെയ്തു. ബ്രാഹ്മണൎക്കു കടൽസഞ്ചാരം ചെയ്വാൻ പാടില്ലെന്നുള്ളതു് വെറും ഭോഷത്വമാണെന്നു് അദ്ദേഹം പറഞ്ഞു; ഇംഗ്ലണ്ടിലോളം കടൽസഞ്ചാരം ചെയ്കയും ചെയ്തു. തന്റെ അഭിപ്രായങ്ങൾക്കു് ദൃഢതയും അവയ്ക്കനുസരിച്ചു പ്രവൃത്തിക്കാൻ മനോധൈൎയ്യവും വൎദ്ധിച്ചു വന്ന കാലത്തു് ആ മഹാരോഗം അദ്ദേഹത്തെ പിടികൂടിയിരുന്നില്ലെങ്കിൽ അദ്ദേഹം ഇനിയും മഹത്തരങ്ങളായ പല കാൎയ്യങ്ങളും ചെയ്യുമായിരുന്നു. ഏതായാലും സുബ്രഹ്മണ്യയ്യരുടെ പേരു് ഭാരതസാമ്രാജ്യത്തിന്റെ അഭിവൃദ്ധിക്കായി, ആദ്യകാലത്തു് ഭഗീരഥപ്രയത്നം ചെയ്തു പലതും സാധിച്ച മഹാന്മാരുടെ ഇടയിൽ മുഖ്യതയുള്ള ഒന്നായി ചരിത്രം ഘോഷിക്കാതിരിക്കയില്ല.

* * * * * *

ഇന്ത്യയിൽ ഇപ്പോൾ "സൎവ്വകലാശാലാ"ഭ്രമമാണു്. ഹിന്ദുസൎവ്വകലാശാല, മുസൽമാൻകലാശാല, ബൎമ്മാകലാശാല, മൈസൂർകലാശാല, സ്ത്രീജനകലാശാല എന്നിവ വിരിഞ്ഞും വിടരാനായും വെറും മൊട്ടായും കണ്ടുതുടങ്ങിയിരിക്കുന്നു. ഇനി എന്തുകൊണ്ടു് തിരുവിതാംകൂർകലാശാല പാടില്ല? മദിരാശിസൎവ്വകലാശാലക്കാർ സ്വദേശഭാഷയോടു കാണിക്കുന്ന അനാദരവു് മലയാളഭാഷയ്ക്കു വിശേഷിച്ചും വലിയ ഉടവായി കലാശിച്ചിരിക്കുന്നു. തിരുവിതാംകൂറിൽ മാത്രമായോ അഥവാ കൊച്ചിയും കൂടിച്ചേൎന്നോ ഒരു കേരളകലാശാല ഉണ്ടായാൽ കേരളഭാഷയ്ക്കു മോക്ഷമായി. ഇങ്ങിനെയൊന്നു് അഭിപ്രായപ്പെട്ടു കാണുമ്പോൾ തന്നെ, പാഠപുസ്തകനിൎമ്മാതാക്കൾക്കു് വായിൽനിന്നു വെള്ളം പൊട്ടുന്നുണ്ടായിരിക്കും. "അമ്മാമൻ കുളത്തിൽ വീണതും അമ്മായി ആത്മഹത്യ ചെയ്തതും"—"കോമൻ പടക്കുപോയതും പാറതിയുടെ പരിങ്ങലും"—"കുരങ്ങിന്റെ കല്യാണവും കഴുതയുടെ പാട്ടും"—എന്നിങ്ങിനെ വല്ലതും എഴുതിയൊ എഴുതിച്ചൊ പരസ്യംചെയ്തു പാഠപുസ്തകകമ്മിററിയിൽ പരോപകാരതല്പരരായ വല്ലവരുടെയും സേവപിടിച്ചാൽ ഒരു കൊല്ലംകൊണ്ടു് രണ്ടായിരമൊ, മൂവായിരമൊ, ഉറുപ്പിക സമ്പാദിക്കാമെന്നു് അനുഭവംകൊണ്ടു് മനസ്സിലാക്കിയിരിക്കുന്നവൎക്കു് സ്വന്തം ഒരു കലാശാല ഉണ്ടായിപ്പോകുന്നതായി കേൾക്കുമ്പോൾ വായിൽനിന്നു് വെള്ളം പൊട്ടുന്നതു് അത്ഭുതമാണൊ? പക്ഷെ ഒരു കാൎയ്യമാണു്, തിരുവിതാംകൂറിൽ കലാശാല സ്ഥാപിക്കുന്നുണ്ടെങ്കിൽ, ബ്രാഹ്മണകലാശാല, നായർകലാശാല, ക്രിസ്ത്യാനികലാശാല, ഈഴവകലാശാല എന്നിങ്ങിനെ വെവ്വേറെ വേണമെന്നും അവയിൽ ഒന്നിൽനിന്നും പുലയൎക്കു ഡിഗ്രികൊടുക്കയില്ലെന്നും ഇപ്പോൾ തന്നേ അഭിപ്രായപ്പെടാൻ ചിലരുണ്ടാകും. നായന്മാൎക്കു തന്നെ ചങ്ങനാശ്ശേരി കൈക്കാൎക്കു് ഒന്നു്, തിരുവനന്തപുരം കൈക്കാൎക്കു് മററൊന്നു്, എന്നിങ്ങിനെയും വേണമെന്നാവും. ഇങ്ങിനെ അനേകം പാറകൾ അവിടവിടെ പൊങ്ങിക്കിടക്കുന്നതിനിടയിൽ കൂടി ഭരണവഞ്ചിയെ തെററിച്ചു ചുഴന്നുകൊണ്ടു പോയി ഒരു കലാശാല സ്ഥാപിക്കാൻ ദിവാൻബഹദൂർ കൃഷ്ണൻനായർ അവർകൾക്കു് സാധിക്കുമൊ? എന്നൊ കണ്ടാലറിയാം.

* * * * *

മാക്ക്മില്ലൻ കമ്പനിക്കാരുടെ വക

"ബാലശിക്ഷ"യുടെ പതിമൂന്നാം പതിപ്പും ബാസൽമിഷ്യൻകാരുടെ "ശിശുപാഠപുസ്തക"ത്തിന്റെ ഒമ്പതാം പതിപ്പും ഇതിനെടെ ഞങ്ങളുടെ അഭിപ്രായത്തിന്നായി അയച്ചുതന്നിരുന്നു. ചെറിയ കുട്ടികളെ മലയാള അക്ഷരങ്ങളും കൂട്ടിവായനയും ശീലിപ്പിക്കാനുള്ള ആദ്യപുസ്തകങ്ങളാണിവ. ഈ രണ്ടു പുസ്തകങ്ങളും ആ ആവശ്യത്തിന്നു ഉതകുന്നതല്ലെന്നാണ് ഞങ്ങളുടെ അഭിപ്രായം. ഇംഗ്ലീഷുഭാഷയിലുള്ള അക്ഷരങ്ങൾ പഠിപ്പിക്കാൻ ഉള്ള പുസ്തകങ്ങളെ അനുകരിച്ചാണ് ഇവയെ എഴുതീട്ടുള്ളത്. അതിന്റെ ആവശ്യമെന്താണെന്നു മനസ്സിലാകുന്നില്ല. രണ്ടു ഭാഷയുടെയും വർണ്ണവിന്യാസങ്ങൾക്ക് വളരെ വ്യത്യാസമുണ്ടു്. മലയാളഭാഷ എഴുതിയപോലെ വായിച്ചാൽ മതി. ഇംഗ്ലീഷിൽ ഒരുവിധം എഴുതി മറെറാരു വിധത്തിൽ വായിക്കണം. അതുകൊണ്ടു് ഇംഗ്ലീഷുഭാഷയിൽ അക്ഷരവിന്യാസം പഠിപ്പിക്കാൻ പല കൌശലങ്ങളും ഉപയോഗിക്കേണ്ടിവരുന്നു. നമുക്ക് അക്ഷരമാല മുഴുവൻ പഠിച്ചുകഴിഞ്ഞാൽ വായന എളുപ്പമായി. ഇംഗ്ലീഷിൽ ഒരക്ഷരത്തിന്റെ ഒരു പ്രത്യേക ശബ്ദം പഠിപ്പിക്കാൻ ആ അക്ഷരംകൊണ്ടു തുടങ്ങുന്ന വാക്കിനാൽ സൂചിപ്പിക്കുന്ന ഒരു പദാർത്ഥത്തിന്റെ ചിത്രം കാണിക്കും. അതിന്റെ പേർ കുട്ടികളെക്കൊണ്ടു് ആദ്യം പറയിക്കും. ആ വഴിക്ക് അക്ഷരത്തിന്റെ ശബ്ദം മനസ്സിലാകും. മലയാളത്തിലെ ഈ പാഠപുസ്തകങ്ങളിലും ആ സമ്പ്രദായത്തെ അനുകരിച്ചു, "ഋ" എന്ന അക്ഷരം പഠിപ്പിക്കാൻ ഒരു കാളയുടെ ചിത്രം കൊടുത്തിട്ട് അതിന്റെ ചോട്ടിൽ "ഋഷഭം" എന്നെഴുതിയിരിക്കുന്നു. കാളയുടെ ചിത്രം നോക്കീട്ട് ഏതു കുട്ടിയാണ് ഋഷഭമെന്നു പറയുകയെന്നു ഞങ്ങൾ അറിയുന്നില്ല. ഗാത്ത്രുവേററ് സായ്പ് ഉണ്ടാക്കിയ ശിശുപാഠം തുടങ്ങിയത്, "പന നന"സ്സാൻ പഠിപ്പിച്ചിട്ടായിരുന്നു. അതിന്ന് അർത്ഥമുണ്ടു്. ശിശുക്കൾ ആദ്യം പറഞ്ഞുതുടങ്ങുന്ന അക്ഷരം "പ" എന്നാണ്. ഓഷ്ഠ്യാക്ഷരങ്ങൾ പറവാനാണ് എളുപ്പം. നകാരത്തിന്റെ രണ്ടുവിധം ശബ്ദങ്ങൾ ചെറുപ്പത്തിൽ തന്നെ പഠിപ്പിക്കാനായിരിക്കാം ഗാത്ത്രുവെററ് സായ്പ് "നന" തുടങ്ങിയതു്. ഇപ്പഴത്തെ ശിശുപാഠം തുടങ്ങുന്നതു് റ- ര- ത- എന്നിവ കൊണ്ടാണ്. ഈ അക്ഷരങ്ങൾ കോപ്പിബുക്കിലാണ് ആദ്യം വേണ്ടതു്. അവ എഴുതാൻ സൌകര്യമുള്ളവയാണെങ്കിലും ഉച്ചരിക്കാൻ പ്രയാസമുള്ളവയാണ്. അതുകൊണ്ടു് അവയല്ല കുട്ടികളെ ആദ്യം ഉച്ചരിച്ചു പഠിപ്പിക്കേണ്ടതു്. ആകപ്പാടെ ഈ പുസ്തകങ്ങൾ, നമ്മൾ പാശ്ചാത്യരെ കണ്ണും ചിമ്മി അനുകരിക്കുന്നതിനും അതിൽ നാം പ്രകടിക്കാറുള്ള അബദ്ധത്തിനും മതിയായ ലക്ഷ്യങ്ങളാകുന്നു. ഇവയൊക്കെ "ബാലശിക്ഷ"യാകുമെങ്കിൽ "ശിക്ഷ" എന്നതിന്നു മറെറാ അർത്ഥം കല്പിക്കേണ്ടതായി വരും.

* * * * * *

രാജ്യഭരണകാര്യത്തിൽ സ്വയംഏർപ്പെട്ടു് അതു ഭംഗിയിൽനടത്താൻ ആവശ്യമുള്ള സർവ്വഗുണങ്ങളും തികഞ്ഞവരാണ് ഇന്ത്യക്കാരെന്നും അതുകൊണ്ടു് ഇംഗ്ലീഷുകാർ കുറെ തെററിനിന്നു ഇന്ത്യക്കാർക്ക് സ്വയംഭരണാധികാരം കൊടുക്കേണ്ടതാണെന്നും ഘോഷിക്കുന്നവർ ഇപ്പോൾ പലരുമു

ണ്ടല്ലോ. എന്നാൽ നിയമനിർമ്മാണസഭയിൽ വെച്ച് ചില അംഗങ്ങൾ പ്രകടിക്കുന്ന അഭിപ്രായങ്ങൾ കാണുമ്പോൾ നാം സ്വയംഭരണാധികാരം ലഭിക്കാൻ അവകാശപ്പെടേണ്ടതിന്നു എത്ര ശതവർഷം പിന്നിലാണെന്നു ബോദ്ധ്യപ്പെടും. മദിരാശി സംസ്ഥാനത്തിലെ സ്വദേശഭാഷകളിൽ പ്രാധാന്യമുള്ളവയിൽ തക്കതായ പാഠപുസ്തകങ്ങൾ ഉണ്ടാക്കിച്ചു പരസ്യം ചെയ്യാൻ ഗവർമ്മെണ്ടിൽനിന്ന് വേണ്ടതു ശ്രമിക്കേണ്ടതാണെന്ന് ബഹുമാനപ്പെട്ട ബി. എൻ. ശർമ്മാ അവർകൾ അഭിപ്രായപ്പെട്ടു കാണുന്നു. സ്വയംഭരണത്തിന്നു യോഗ്യരായ നാട്ടുകാർക്ക് ഇതു വളരെ അഭിമാനകരമല്ല. വ്യവസായവും കൃഷിയും മററും വർദ്ധിപ്പിക്കാൻ ഗവർമ്മെണ്ടിന്റെ സഹായത്താൽ സാധിക്കുന്നതുപോലെ സാഹിത്യത്തെ വർദ്ധിപ്പിക്കാൻ ഗവർമ്മെണ്ടു വിചാരിച്ചാൽ കഴിയുമെന്നു തോന്നുന്നില്ല. ഭാഷാസാഹിത്യം തനിയേ വളരുവാൻ വിടേണ്ടുന്നതാണ്. വിശേഷിച്ചും പാഠപുസ്തകങ്ങൾക്ക് ആവശ്യമുണ്ടെന്നു കാണുമ്പോൾ അവ ഉണ്ടാക്കാൻ ആളുകളില്ലാതെ ബുദ്ധിമുട്ടിപ്പോയതായിട്ട് എവിടെയും കേട്ടിട്ടില്ല. ഗവർമ്മെണ്ട് ചെയ്യേണ്ടതു് അവയെ തിരഞ്ഞെടുക്കാൻ യോഗ്യന്മാരെ നിയമിക്കുകയാണ്. ഈ കാര്യത്തിൽ ഗവർമ്മെണ്ട് കുറെക്കൂടി ശ്രദ്ധപതിക്കേണ്ടതാണെന്നും പുസ്തകങ്ങളുടെ ഗുണദോഷവിവേചനം ചെയ്യാൻ കഴിവില്ലാത്തവരെയും പുസ്തകത്തിന്റെ ഗുണം നോക്കാതെ ഗ്രന്ഥകർത്താവിന്റെ മുഖം നോക്കി പാഠപുസ്തകങ്ങൾ തിരഞ്ഞെടുക്കുന്നവരേയും കമ്മിററിമെമ്പർമാരായി തിരഞ്ഞെടുക്കാതിരിക്കാനും ശ്രദ്ധിക്കേണമെന്നായിരുന്നു ബഹുമാനപ്പെട്ട മെമ്പർ അഭിപ്രായപ്പെടേണ്ടിയിരുന്നതു്.

ഗ്രന്ഥവിഹാരം

൧. രുഗ്മിണീസ്വയംബരം

വഞ്ചിപ്പാട്ട്.

(കറവങ്കര നീലകണ്ഠൻ നമ്പൂതിരി (രാജാ) അവർകൾ ഉണ്ടാക്കിയത്; തൃശ്ശിവപേരൂർ ഭാരതവിലാസം അച്ചുക്കൂടത്തിൽ അച്ചടിച്ചതു്; വില ൪ ണ)

"വള്ളമേറിക്കളിക്കുന്ന പിള്ളരുങ്ങൾക്കു ഗാനം ചെയ്യാൻ കൊള്ളാവുന്ന കൃതി" — ഇതിൽപരം "സുഖ"വും ഭംഗിയും ഉള്ളതു ഞങ്ങൾ വേറെ വായിച്ചിട്ടില്ല. സന്ദർഭോചിതങ്ങളായ വാക്കുകൾക്കും തന്നിമിത്തം നല്ല പ്രാസത്തിന്നും നമ്പൂരിക്ക് ദാരിദ്ര്യമില്ല. പുതിയ ആശയങ്ങൾ ധാരാളമുണ്ടെന്നൊന്നും പറവാനില്ലെങ്കിലും കഥ നേരെ പറഞ്ഞുകൊണ്ടുപോയ രീതി വളരെ ഭംഗിയായിട്ടുണ്ട്. അലങ്കാരങ്ങൾ ഉപയോഗിച്ചവയൊന്നും ബലാൽകൃഷ്ടങ്ങളല്ലാതെ സന്ദർഭശുദ്ധിയുള്ളവയായിരിക്കുന്നു. ഗ്രന്ഥകർത്താവിന്റെ പേര് അറിഞ്ഞിരുന്നില്ലെങ്കിലും, ഗ്രന്ഥം രസികനായ ഒരു നമ്പൂരി

യുടെ കൃതിയാണെന്നു് സഹൃദയന്മാക്കു് അനായാസേന മനസ്സിലാക്കാം.

"പ്രേമകളും രുഗ്മിണിയും
കോമളതകൊണ്ടു പാൎത്താൽ
കാമനും കന്ദൎപ്പനു-
മായുള്ളതേ ഭേദം.

എന്നിങ്ങിനെയുള്ള പൊടിക്കൈകൾ പലടിക്കിലുമുണ്ടു്. പുതുമയും രസികത്വവും ഉള്ള ഉപമാലങ്കാരങ്ങൾ ഉപയോഗിച്ചിരിക്കുന്നു. രുഗ്മിണിയുടെ ദൂതൻ വന്നടുത്തപ്പോൾ, ശ്രീകൃഷ്ണൻ,

വൎത്തിനീട്ടീടുന്നനേരം
കത്തിടുന്ന ദീപംപോലെ
ഉത്ഥിതനായ് മണിമഞ്ചപ്പുറത്തുനിന്നു്.

അധികം ഉദ്ധരിക്കാൻ സ്ഥലമില്ലാത്തതിൽ വ്യസനിക്കുന്നു. ചില പദപ്രയോഗങ്ങൾ കാണിക്കാൻ ചില പാദങ്ങൾ എടുത്തു ചേക്കാം.

വാസവന്റെ വാസഗൃഹം
വാസുദേവപുരത്തിന്റെ
ഗോസായിച്ചാവടിയാവാൻ മതിയാകില്ല.

ഇളമയായ രുഗ്മിണിയുടെ അഭിപ്രായമനുസരിച്ചു ചേദിരാജാവിനു പെണ്ണിനെ കൊടുക്കുന്നതു് ആൎക്കും ഇഷ്ടമില്ലെന്നു ഇങ്ങിനെ പറയുന്നു,

പെണ്ണിനുടെ പെററമ്മയും
മൂണ്ണികൾ മററുള്ളവൎക്കും
കുണ്ഡിനത്തിൽ മൂഢ
കീഴപ്പെട്ടെഴുന്നോക്കാക്കും
മൂച്ചകുട്ടിളമിലെ
തീച്ചയേതും ബോധിച്ചീല.

കൃഷ്ണനെ കൂട്ടികൊണ്ടുവരുമെന്നു ബ്രാഹ്മണൻ രുഗ്മിണിയോടു കൈയടിച്ചപോൽ. എങ്ങിനെ?

കൊണ്ടേൽവണ്ണാ,ഭവാനെ ഞാൻ
കൊണ്ടുചെന്നു കൊള്ളാമെന്നു
രണ്ടുകൈയും മാറി മാറി യടിച്ചാനപ്പോൾ.

ആകപ്പാടെ ഈ കൃതി വളരെ വിശേഷമായിരിക്കുന്നുവെന്നേ ഞങ്ങൾക്കുപറവാനുള്ളൂ.

* *

൨. നാരദീയം

(ഗ്രന്ഥകൎത്താ, തിരുവനന്തപുരത്തു തിരുമധുരപ്പേട്ടയിൽ ഇ. രാമൻപിള്ള ആശാൻ അവർകൾ. ശ്രീധരപ്രസ്സ് തിരുവനന്തപുരം. വില അറിയുന്നില്ല.)

ചെറിയ കുട്ടികൾക്കുള്ള ഒരു പാഠമായിട്ടാണു് ഈ പുസ്തകം എഴുതിയതെന്നു തോന്നുന്നു. സൎവഥാ അതിന്നു പററിയതല്ലെന്നാണു് ഞങ്ങൾക്കു തോന്നിയതു്. ഗ്രാമ്യപദങ്ങൾ വളരെ. അച്ചടിപ്പിഴ അതിലധികം. ധിക്കാരം ചീത്തയാണെന്നു് പറവാൻ പുരാണമരായയുള്ള വല്ല കഥയും ഉദ്ധരിക്കാൻ ഇഷ്ടപ്പെടുന്നവൎക്കു് ഈ ചെറിയ പുസ്തകം പ്രയോജനകരമായിത്തീരും.

* *

൩. ലോകചക്ഷുസ്സ്.

(ററി. വി. ചെറിയാൻ ബി. എ. അവർകൾ എഴുതിയതു്. രാമചന്ദ്രവിലാസം പ്രസ്സ്. ചേൎത്തല— വില അറിയുന്നില്ല.)

ഇതു് കുട്ടികൾക്കു് പഠിപ്പാൻ കൊള്ളാം. കഥ നല്ല രീതിയിൽ പറഞ്ഞിട്ടുണ്ടു്. കുറെക്കൂടി ശ്രദ്ധിച്ചിരുന്നുവെങ്കിൽ ചില അബദ്ധങ്ങൾ ഒഴിക്കാമായിരുന്നു. ജന്മാന്തരവാസനയെയും കൎമ്മഫലത്തെയും മനുഷ്യരുടെ മുമ്പിൽ ശ്രീഭഗവാൻ പ്രത്യക്ഷമാകുന്നതിനെയും മററും കുറിച്ചു ഒരു

ഹിന്തുവിനെ പോലെയാണ മിസ്റ്റർ ചെറിയാൻ എഴുതിയിരിക്കുന്നത്. ഏതായാലും ഇതു പാഠപുസ്തകമാക്കാൻ പററിയതാണ്.

* *

ജ്ഞാനനിക്ഷേപം

പരന്ത്രീസ്സുരാജ്യത്തിലെ പ്രസിഡണ്ടായ "പോയിൻകർ" എന്നാൾക്ക് കൊല്ലത്തിൽ 24,000 പവൻ ശമ്പളമുണ്ട്.

* *

യുദ്ധം തുടങ്ങിയതിന്നു ശേഷം ഒട്ടകപക്ഷികളുടെ വില വളരെ കുറഞ്ഞിരിക്കുന്നു. യുദ്ധത്തിന്നു മുമ്പ് ഒരു ഒട്ടകപക്ഷിക്ക് 150 പവൻ വിലയുണ്ടായിരുന്നു. ഇപ്പോൾ 2½ ഷില്ലിങ്ങിന്ന് ഒരു ഒട്ടകപ്പക്ഷിയെ കിട്ടും.

* *

ഇപ്പോൾ യുദ്ധത്തിന് ഉപയോഗിക്കുന്ന മീനബാണങ്ങൾക്ക് (ടോർപിഡൊ) 14 മുതൽ 20 അടിവരെ നീളമുണ്ട്. ഓരോന്നിന്ന് 800 പവൻ മുതൽ 1000 പവൻ വരെ ചെലവുണ്ടത്രെ.

* *

മീനബാണങ്ങൾ വെള്ളത്തിൽ ൰ അടി താഴെ കൂടിയാണ് സഞ്ചരിക്കുന്നത്. ജമ്മൻകാരുടെ വക ചില മീനബാണങ്ങൾ ൯ അടി താഴെകൂടി സഞ്ചരിക്കും. അതുകൊണ്ട് അടിത്തട്ട് അധികം ആഴത്തിലല്ലാത്ത ചെറുവക കപ്പലുകളെയും ഉടയ്ക്കാൻ അവക്കു സാധിക്കും.

* *

മീനബാണങ്ങളിൽ നിന്നു രക്ഷപ്പെടാൻ സൂത്രമില്ല. കപ്പലുകളുടെ ചുററും ഒരു വക വലയിടാറുണ്ട്. പക്ഷെ പുതുതരം മീനബാണങ്ങൾ ഈവക വലകളെ മുറിച്ചുകടക്കത്തക്ക ഏർപ്പാടുള്ളവയാണ്.

* *

മിസ്റ്റർ റോബർട്ട് ലാററർ എന്നാളുടെ താടിരോമം ൧൬ അടി നീളമുണ്ടത്രെ. പതിനാറടി!!

* *

ഉള്ളിക്ക്, മാംസത്തിന്റെ ഗുണവും വീര്യവും ഉണ്ടുപോൽ. ഉള്ളി പതിവായി തിന്നുന്നവർക്ക് പകർച്ചവ്യാധി പിടിപെടുകയില്ല. ശരീരത്തിന്റെ വർണ്ണം നന്നാകുന്നതിനും ഉള്ളി നല്ലതാണ്. ഉള്ളിയുടെ നാററമൊ? അത് കാപ്പിവെള്ളം കവിളിയാൽ പൊയ്പ്പോകും.

* *

മല്ലന്മാർക്കും മററും ശരീരത്തിൽ തല്ലുകൊണ്ടാൽ വേദനയൊ പിണർപ്പൊ ഉണ്ടാകാതിരിക്കാൻ കുറെശ്ശ വെടിമരുന്ന് തിന്നുന്നത് നല്ലതാണെന്നു ഇതിനെടെ ഡിക്ക്സ്റ്റീവൻസ് എന്ന മല്ലൻ കണ്ടുപിടിച്ചിരിക്കുന്നു. ഏതായാലും വെടിമരുന്നു കഴിച്ച ഉടനെ ചുരുട്ടു വലിക്കാൻ പാടില്ലെന്നു തോന്നുന്നു.

* *

ക്രോമർപ്രഭുവിന്നു, റഷ്യൻ, ഫ്രെഞ്ച്, ജമ്മൻ, ഇററാലിയൻ, അറബിക്ക്, എന്നീ ഭാഷകൾ അറിയാം. അഞ്ചു വയസ്സിൽതന്നെ പരന്ത്രീസ്സുഭാഷ നല്ലവണ്ണം സംസാരിക്കാമായിരുന്നു പോൽ.